# മലയാള സാഹിത്യം – 1

# MAL1A07(1)

## കോമൺ കോഴ്സ് മലയാളം

## കാലിക്കറ്റ് സർവകലാശാല

## ഒന്നാം സെമസ്റ്റർ

## പഠനക്കുറിപ്പുകൾ

## ബിഎ / ബി എസ് .സി

## 2019 അഡ്മിഷൻ

തയ്യാറാക്കിയത്

രസിത കെ

അസി.പ്രൊഫസർ, മലയാളം

സി പി എ കോളേജ് ഓഫ് ഗ്ലോബൽ സ്റ്റഡീസ്

പുത്തനത്താണി.

# ഉദ്ദേശ്യ ലക്ഷ്യങ്ങൾ

കവിത്രയ രചനകൾ മനസ്സിലാക്കുക .

നാടൻ പാട്ടിലെ വിവിധ രൂപങ്ങൾ വ്യത്യാസങ്ങൾ തിരിച്ചറിയുക.

വ്യത്യസ്ത കാലഘട്ടത്തിലെ വിവിധ കഥകൾ അടുത്തറിയുക.

## ഉള്ളടക്കം

**മൊഡ്യൂൾ - I**

1. **കാളിയമർദ്ദനം – ചെറുശേരി**
2. **ലക്ഷ്മണസാന്ത്വനം - എഴുത്തച്ഛൻ**
3. **ജ്ഞാനപ്പാന – പൂന്താനം**
4. **രുക്മിണി സ്വയംവരം - കുഞ്ചൻ നമ്പ്യാർ**
5. **എന്തു തന്റെ തീണ്ടലാണ് - നാടൻ പാട്ട്**
6. **ആറ്റുമ്മണമേൽ ഉണ്ണിയാർച്ച - വടക്കൻ പാട്ട്**
7. **മറിയക്കുട്ടിയുടെ കത്ത് - മാപ്പിള പാട്ട്**

**മൊഡ്യൂൾ - II**

1. **രാച്ചിയമ്മ – ഉറൂബ്**
2. **മോതിരം - കാരൂർ**
3. **ഒട്ടു ചെടി - സി വി ശ്രീരാമൻ**
4. **ഡബിൾ ആക്ട് - കെ സരസ്വതി അമ്മ**
5. **ഉള്ളുരുക്കം - എൻപി മുഹമ്മദ്**
6. **ഘരേ ബായ് രേ - ഗീത ഹിരണ്യൻ**
7. **തന്തത്താഴ് - പ്രമോദ് രാമൻ**

# മൊഡ്യൂൾ - 1

## 1.കാളിയ മർദ്ദനം (കൃഷ്ണഗാഥ)

## ചെറുശേരി നമ്പൂതിരി

## കവിപരിചയം.

- 1375-1475 കാലഘട്ടത്തിലാണ് കവി ജീവിച്ചിരുന്നത് എന്ന് കരുതുന്നു.
- ചെറുശേരി എന്നത് ഇല്ലത്തിന്റെ പേരാണ് . യാർത്ഥ നാമം വ്യക്തമല്ല.
- ക്രി.വ. 1466-75 കാലത്ത് കോലത്ത് നാട് ഭരിച്ചത് ഉദയവർമ്മൻ രാജാവ് ആയിരുന്നു.
- രാജാവിന്റെ പണ്ഡിത സഭയിലെ പ്രധാന അംഗമായിരുന്നു ചെറുശേരി.
- രാജാവ് ചൂതുകളിക്കുകയായിരുന്നു. കളിയിൽ തോൽക്കാറായപ്പോൾ രാജ്ഞി താരാട്ട് പാട്ടിന്റെ ഈണത്തിൽ ഒരു വരി പാടി.
- " ഉന്തുന്ത് ഉന്തുന്ത് ആളെയുന്ത്" എന്ന് . ഇത് കേട്ട് കാര്യം മനസ്സിലാക്കിയ രാജാവ് കാലാളിനെ നീക്കി വിജയിച്ചു.
- ഈ സന്തോഷം എന്നും നിലനിൽക്കാനായി അതേ ഈണത്തിൽ കാവ്യം നിർമ്മിക്കാൻ ചെറുശേരിയോട് ആവശ്യപ്പെട്ടു.
- അങ്ങനെയാണ് കവി കൃഷ്ണഗാഥ എഴുതിയത്.
- ഗാഥ എന്നാൽ പാട്ട് എന്നാണ് അർത്ഥം. ശുദ്ധ മലയാളത്തിലാണ് കൃഷ്ണഗാഥ എഴുതിയത്. ഭാഗവതം ദശമസ്കന്ധത്തിലെ കൃഷ്ണ കഥയാണ് ഇതിലെ പ്രമേയം.
- 'ഉപമാ കാളിദാസസ്യ ഉൽപ്രേക്ഷകൃഷ്ണഗാഥായാം ' എന്ന ചൊല്ല് പ്രസിദ്ധമാണ്.

## കാളിയൻ എന്ന സർപ്പം ഒരു പരിചയം:-

- കാളിയൻ എന്ന സർപ്പം അഷ്ടനാഗങ്ങളിൽപ്പെട്ട ( അനന്തൻ, അഷ്ടനാഗൻ, കാളിയൻ, കാർക്കോടകൻ , തക്ഷകൻ, വാസുകി ) ഉഗ്രവിഷമുള്ള ഒന്നാണ്.
- യമുനാ നദിയിലാണ് ഇവ താമസിച്ചിരുന്നത്.
- കാളിയനും ഗരുഡനും തമ്മിൽ ഒരു ബന്ധമുണ്ട്. ആ കഥ ചുരുക്കി പറയാം.
- കശ്യപ രാജാവിന്റെ പത്നിമാരായിരുന്നു വിനതയും കദ്രുവും.
- കദ്രുഒരുക്കിയ കെണിയിൽ പാവം വിനത വീണുപോയി.



- ഒരിയ്ക്കൽ ഇരുവരും പന്തയം വയ്ക്കുകയായിരുന്നു. " ഉച്ചൈശ്രവസ്സിന്റെ നിറം എന്ത്" ഇതായിരുനിന്നു പന്തയവിഷയം.
- ഇന്ദ്രന്റെ കുതിരയാണ് ഉച്ചൈശ്രവസ്സ്. അതിന്റെ നിറം തൂവെള്ളതന്നെയാണ്. വെളുപ്പാണെന്ന് വിനത പറഞ്ഞു. എന്നാൽ അതിന്റെ വാലിലൽ കറുപ്പുണ്ടെന്ന് കദ്രുവും. ഇരുവരും കൂടിച്ചർന്ന് ഉച്ചൈശ്രവസ്സിനെ കാണാൻ പോയി.
- നോക്കിയപ്പള് വാല് കറുത്തിട്ടാണ്. പന്തയനിശ്ചയപ്രകാരം കദ്രുവിന്റെ ദാസിയായിത്തീർന്നു വിനത. കദ്രുതന്റെ മക്കളെ ചെറുരൂപത്തിലാക്കി. അനേകം ചെറുപാമ്പുകള് കുതിരയുടെ വാലിൽ രോമം പോലെ പറ്റിക്കിടക്കുകയായിരുന്നു. അങ്ങനെയാണ് പന്തയത്തിൽ കദ്രു വിജയം നേടിയത്.
- വിനതയ്ക്ക് അഞ്ഞൂറു വർഷക്കാലം ദാസ്യം അനുഭവിക്കേണ്ടിവന്നു. പിന്നീടാണ് ഗരുഡൻ വിനതയ്ക്ക് പുത്രനായി പിറന്നത്. നാഗങ്ങളെ വിളിച്ച് ഗരുഡൻ പറഞ്ഞു. 'കുറേക്കാലമായല്ലോ എന്റെ അമ്മയെ ദാസിയാക്കിയിട്ട് അതില് നിന്നുമോചിപ്പിച്ചുതരണം. എന്തുവേണമെങ്കിലും ഞാൻചെയ്തുതരാം
- '.'ഓ അതിനു വിഷമമില്ല ഒരുകാര്യം ചെയ്താമതി.ദേവലോകത്തുനിന്ന് അമൃത് ഞങ്ങൾക്ക് എത്തിച്ചുതരണം.' അതുകേൾക്കേണ്ട താമസം ഗരുഡൻ ദേവന്മാരെ തോൽപ്പിച്ച് അമൃത് കദ്രുവിന്റെ മക്കൾക്ക് നൽകി.
- അമൃത് കിട്ടിയപ്പോള് അത് വിശേഷപ്പെട്ട സാധനമല്ലേ ഒന്ന് കുളിച്ചു വന്ന് കഴിയ്ക്കാം.
- അങ്ങനെ കുളിച്ചുവന്ന് നോക്കിയപ്പോള് അമൃതില്ല. ദേവേന്ദ്രൻ സൂത്രത്തിൽ തട്ടിക്കൊണ്ടുപോവുകയായിരുന്നു.
- തന്റെ അമ്മയെ വഞ്ചിച്ച നാഗങ്ങളെ മുഴുൻ തിന്നൊടുക്കുവാൻ തുടങ്ങി. ഇങ്ങനെ തുടങ്ങിയാൽ നാഗങ്ങള് എന്ന വംശം ഭൂമിയിൽ നിന്ന് അപ്രത്യക്ഷമാവും. അവസാനം ഗരുഡനും നാഗങ്ങളുമായി ഒരു കരാറിലെത്തി.
- മാസത്തിലൊരിയ്ക്കൽ ഒരു നാഗം ഗരുഡനുതിന്നാനായി ആൽത്തറയിൽ വന്നു കിടക്കാം. അതുപ്രകാരം നാഗങ്ങളെ തിന്നുന്നതിൻ ശമനമുണ്ടാക്കി. ഓരോ അമാവാസി നാളിലുമായിരുന്നു നാഗങ്ങള് ഗരുഡൻ ജീവൻ സമർപ്പിയ്ക്കാൻ തീരുമാനിച്ചത്.
- എന്നാൽ വർദ്ധിത വീര്യമാർന്നവിഷമുള്ള കാളിയനാവട്ടേ ഗരുഡനെ ഒട്ടുംതന്നെ പേടിയില്ലായിരുന്നു.
- ഗരുഡനുള്ള നാഗങ്ങളെ കാളിയൻ തിന്നാൻ തുടങ്ങി.
- അതറിഞ്ഞ ഗരുഡൻ വന്ന് തന്റെ ഇടത്തേ ചിറകിനാൽ പൊരിഞ്ഞ അടികൊടുത്തു.
- രക്ഷയില്ലാതെ വന്നപ്പോള് അവൻ കാളിന്ദിയിലേയ്ക്ക് പോയി രക്ഷപ്പെട്ടു. അവിടേയ്ക്ക് കടന്നുചെല്ലാൻ ഗരുഡനാവില്ല.
- സൗഭരീമഹർഷി തപസ്സുചെയ്തിരുന്നത് കാളീന്ദിയിൽ മുങ്ങിക്കിടന്നുകൊണ്ടായിരുന്നു.



അതിന്നാൽ മത്സ്യത്തിനോട് വലിയ സ്നേഹമായിരുന്നു.

- എന്നാൽ ഈ നദിയിൽ വന്ന് മത്സ്യത്തിനെ പിടിച്ചുകൊണ്ടിരുന്ന ഗരുഡനെ മഹർഷി വിലക്കി. ആ വിലക്കിനെ ഗരുഡൻ പുല്ലിന്റെ വിലപോലും വച്ചിരുന്നില്ല.
- സഹിക്കാനാവാതെ മഹർഷി ഗരുഡനെ ശപിച്ചു. "ഇനി കാളീന്ദിയിൽ വന്ന് മത്സ്യത്തിനെ പിടിച്ചാൽ നിന്റെ തലപൊട്ടിത്തെറിച്ച് മരിയ്ക്കട്ടേ."
- പിന്നീടൊരിയ്ക്കലും കാളീന്ദിയിലേയ്ക്ക് ഗരുഡൻ വന്നിട്ടില്ല. എന്നാൽ കാളീന്ദിനദിയെ വിഷമയമാക്കിത്തീർത്തു കാളിയൻ -

**പാഠഭാഗത്തിലൂടെ** .....

- ബലരാമനും കൂട്ടുകാരും താലവനത്തിൽ കടന്ന് പന കായകൾ എടുക്കുമ്പോൾ അക്രമിക്കാനെത്തിയ ധേനുകൻ എന്ന അസുരനെ ബലരാമൻ വധിച്ചു.
- എല്ലാ ഗോപികമാരുടെയും കണ്ണിനും മനസ്സിനും ആനന്ദം നൽകി കാലികളേയും മേച്ച് കൂട്ടുകാർക്കൊപ്പം കൃഷ്ണൻ നടന്നു.
- അങ്ങനെ നടന്ന ബാലകരും കന്നുകാലികളും കാളിന്ദീ നദിയുടെ തീരത്ത് എത്തി.
- പശുക്കളെ മേച്ച് മുന്നിൽ എത്തിയ ബലരാമനും കൂട്ടുകാരും വെയിലേറ്റ് ക്ഷീണിച്ചു.
- കാളിന്ദിയിലെ വെള്ളം കണ്ടപ്പോൾ അങ്ങോട്ട് നീങ്ങി. ആ ജലത്തിലെ വിഷാംശം അറിയാതെ ജലം കുടിച്ചു.
- കാളിന്ദീ തീരത്ത് ബോധം കെട്ട് പാവകളെ പോലെ അവർ വീണു.
- അവിടെക്ക് എത്തിയ കൃഷ്ണൻ ആ കാഴ്ച കണ്ട് അമ്പരന്നു. സ്നേഹമാകുന്ന അമൃത് കൊണ്ട് തന്റെ കൂട്ടുകാരെ ഉണർത്തി.
- ഇതിന് കാരണക്കാരനായ കാളിനുമായി ഏറ്റുമുട്ടാൻ കൃഷ്ണൻ തയ്യാറായി.
- മേരു പർവതത്തിന്റെ മുകളിലേക്ക് കൃഷ്ണൻ ഓടിക്കയറി. ഉയരത്തു നിന്ന് കാളിന്ദിയിലേക്ക് ചാടി .
- ഭാര്യമാരോടും കുട്ടികളോടും ചേർന്ന് ഉല്ലസിക്കുകയായിരുന്ന കാളിയൻ പെട്ടെന്നുണ്ടായ ശബ്ദത്തിൽ ഞെട്ടിത്തരിച്ചു.
- ചന്ദ്രനെ വിഴുങ്ങാനെത്തിയ രാഹുവിനെ പോലെ കാളിയൻ കൃഷ്ണനു നേരെ വന്നു.
- തുടർന്ന് കാളിയനുമായി യുദ്ധം ചെയ്തു. ഒടുവിൽ കൃഷ്ണൻ കാളിയന്റെ അഹങ്കാരം മുഴുവനും ഇല്ലാതാക്കി അവനെ കാളിന്ദിയിൽ നിന്ന് ഓടിച്ചു.

................................................................................................................ ........................................

സഹായകഗ്രന്ഥം :

1. കൃഷ്ണഗാഥ – ചെറുശേരി
2. ഐതിഹ്യമാല - കൊട്ടാരത്തിൽ ശങ്കുണ്ണി
3. ഗൂഗിൾ വിക്കിപീടിക പേജ്.

# 2.ലക്ഷ്മണസാന്ത്വനം

## എഴുത്തച്ഛൻ



- ആധുനിക മലയാളഭാഷയുടെ പിതാവാണ് എഴുത്തച്ഛൻ.
- എഴുത്തച്ഛന്റെ കാലഘട്ടം 16-)0 നൂറ്റാണ്ടാണെന്ന് കരുതപ്പെടുന്നു.
- മലപ്പുറം ജില്ലയിലെ തുഞ്ചൻപറമ്പാണ് ജന്മസ്ഥലം.
- ഒരു നമ്പൂതിരിക്ക് ചക്കാലനായർ സ്ത്രീയിൽ ജനിച്ച പുത്രനാണെന്നാണ് ഒരൈതിഹ്യം.
- രാമൻ എന്ന പേരിൽ ജ്യേഷ്ഠനും ഗുരുവുമായുള്ള ഒരാൾ ഉള്ളതായും അങ്ങനെയാണ് രാമാനുജൻ എന്ന് പേര് സിദ്ധിച്ചതെന്നും പറയപ്പെടുന്നു.
- കിളിപ്പാട്ടുകളായ അധ്യാത്മരാമായണം, മഹാഭാരതം എന്നിവയാണ് പ്രധാന കൃതികൾ .
- എഴുത്തച്ഛൻ ജീവിച്ചിരുന്ന പതിനാറാം നൂറ്റാണ്ടിൽ നമ്പൂതിരിമാർക്ക് സർവാധിപത്യമുള്ള സാമൂഹ്യഘടനയായിരുന്നു നിലവിലുണ്ടായിരുന്നത്.
- എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിലെ അയോദ്ധ്യാകാണ്ഡത്തിൽനിന്നെടുത്തതാണ് പാഠഭാഗം.

- തത്ത്വചിന്തയാലും ദർശനംകൊണ്ടും പ്രസിദ്ധമായ ഭാഗമാണ് ലക്ഷ്മണോപദേശം.



- ലക്ഷ്മണനെ സഹോദരൻ രാമനും അമ്മ സുമിത്രയും ഉപദേശിക്കുന്നുണ്ട്. അതിൽ ഓരോ ഉപദേശവും ലോകത്തോട് കവി പറയുന്ന കാര്യമാണ്.
- ശ്രീരാമന്റെ അഭിഷേകം മുടങ്ങി. പിതാവായ ദശരഥന്റെ ആജ്ഞയനുസരിച്ച് രാമൻ വനത്തിലേക്ക് യാത്രയാകാൻ തയ്യാറാവുന്നു.
- വാർത്തയറിഞ്ഞ് കോപാക്രാന്തനായ ലക്ഷ്മണൻ അച്ഛനെ വധിച്ച് ജ്യേഷ്ഠനെ സേവിക്കാൻ തയ്യാറാകുന്നു.
- ഈ അവസരത്തിൽ ജ്യേഷ്ഠനായ ശ്രീരാമൻ , അമ്മയായ സുമിത്ര തുടങ്ങിയവർ ലക്ഷ്മണന് നൽകുന്ന ഉപദേശമാണ് ലക്ഷ്മണോപദേശം എന്ന ഭാഗം.
- ശ്രീരാമൻ പറയുകയാണ്: അല്ലയോ ലക്ഷ്മണാ, നീ വാശി ഉപേക്ഷിച്ച് ഞാൻ പറയുന്നത് ശ്രദ്ധയോടെ കേൾക്കണം. എങ്കിലും കണ്ണുകൊണ്ട് കാണാൻ സാധിക്കുന്ന ഈ രാജ്യം, ദേഹം, ലോകം, ധനം എന്നിവയൊക്കെ എന്നും നിലനിൽക്കുന്നതാണെങ്കിൽ നിന്റെ ശ്രമം നല്ലതാണ്. സത്യമതല്ലെങ്കിൽ ഈ പ്രയത്നംകൊണ്ട് എന്തു ഫലമാണ് ലഭിക്കുക? ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന ജലത്തുള്ളിപോലെ ക്ഷണത്തിൽ നശിക്കുന്നതാണ് മനുഷ്യജീവിതം.
- വഴിയാത്രക്കാർ ക്ഷീണിക്കുമ്പോൾ വഴിയമ്പലത്തിൽ വന്നുചേർന്ന് തളർച്ച മാറ്റി പിന്നീട് പലവഴിക്കും പിരിഞ്ഞുപോകുന്നതുപോലെയും നദിയിൽക്കൂടി ഒഴുകിപ്പോകുന്ന ഉണക്കമരത്തടിപോലെയും അസ്ഥിരമാണ് മനുഷ്യന് വീടുമായുള്ള ബന്ധം.
- ഐശ്വര്യവും യൗവനവും എന്നും നിലനിൽക്കുകയില്ല. ദേഹം നിമിത്തമുള്ള അഹങ്കാരംകൊണ്ട് ഞാൻ രാജാവാണ്, ഞാൻ ആഢ്യനാണ് എന്നിങ്ങനെ ആവർത്തിച്ചു പറയുന്ന അവസരത്തിൽത്തന്നെ ആ ശരീരത്തെ ജന്തുക്കൾ ഭക്ഷിച്ച് കാഷ്ഠിച്ചെന്നും വരാം. അല്ലെങ്കിൽ വെന്ത് വെണ്ണീറായോ മണ്ണിലടിഞ്ഞ് കൃമികളായോ തീർന്നെന്നും വരാം
- .ഭൗതികസുഖാദികളിൽ ഭ്രമിച്ചുകഴിയുന്നതിനും കോപത്തിനും കാരണം അവിദ്യയാണ്. അതിനെ ഇല്ലാതാക്കുന്നത് വിദ്യയാണ്.
- അതിനാൽ മോക്ഷം ലഭിക്കാൻ ആഗ്രഹിക്കുന്നവർ ഏകാഗ്രമായ മനസ്സോടെ വിദ്യ അഭ്യസിക്കണം. കാമം, ക്രോധം, ലോഭം, മോഹം എന്നിവ ശത്രുക്കളാണെന്നും നീ അറിയുക.

- കോപം മനോദുഃഖത്തിനും ധർമത്തെ നശിപ്പിക്കുന്നതിനും കാരണമാകുന്നു. അതിനാൽ ജ്ഞാനികൾ കോപം ഉപേക്ഷിക്കണം എന്നും ശ്രീരാമൻ ഉപദേശിക്കുന്നു.
- സുമിത്രയുടെ അടുത്തെത്തിയപ്പോൾ അമ്മ ഉപദേശിക്കുകയാണ്: അയോധ്യ എന്ന രാജ്യം ഇനി നിനക്ക് കാട് ആണ്.
- രാമൻ നിനക്ക് അച്ഛനാണ് സീത അമ്മയും .
- എന്നും നിഴലായി നീ ഇവർക്കൊപ്പം ഉണ്ടാകണം. പ്രയാസങ്ങളെല്ലാം മറികടക്കാൻ കഴിയണം.
- ഇങ്ങനെ എല്ലാ ഉപദേശവും കേട്ട ശേഷം ദശരഥ രാജാവിനെ കണ്ട് യാത്ര പറയാൻ പോകുന്നു.
- അപ്പോൾ പ്രജകൾ പരസ്പരം പറയുകയാണ്: കൈകേയിക്ക് രാജാവ് പണ്ട് മൂന്ന് വരങ്ങൾ നൽകി.
- അത് ഇപ്പോൾ രാജ്ഞി ആവശ്യപ്പെട്ടു. രാമനെ 14 വർഷം കിട്ടിലയച്ച് സ്വന്തം മകനായ ഭരതനെ രാജാവാക്കണമെന്ന്.
- രാമൻ രാജാവാകുന്ന കാഴ്ച കാണാൻ മഹാരാജാവും എല്ലാവരും ഒരുങ്ങി നിൽക്കുമ്പോഴാണ് ഈ ആവശ്യം ഉണ്ടാകുന്നത്.
- പ്രജകൾ അവരുടെ ദേഷ്യം വാക്കുകളിലൂടെ പ്രകടിപ്പിക്കുന്നുണ്ട്.
- എഴുത്തച്ഛന്റെ ജീവിതവീക്ഷണം പൂർണമായും വ്യക്തമാക്കുന്ന കാവ്യഭാഗമാണ് ലക്ഷ്മണ സ്വാന്തനം.

സഹായകഗ്രന്ധം

1. അദ്ധ്യാത്മ രാമായണം കിളിപ്പാട്ട് - എഴുത്തച്ഛൻ
2. പുരാണ നിഘണ്ടു
3. .ഗൂഗിൾ വിക്കിപീഡിക .

# 3. ജ്ഞാനപ്പാന

# പൂന്താനം

***കവിപരിചയം*** *:*

- ഭക്ത കവികളിലൊരാളായിരുന്നു പൂന്താനം.
- പൂന്താനത്തിന്റെ ഏറ്റവും പ്രസിദ്ധമായ കൃതിയാണ് ജ്ഞാനപ്പാന.
- ലളിതമായ ശൈലിയിലൂടെ ഭാരതീയ ജീവിതചിന്ത കുറിക്കുകൊള്ളുന്ന രീതിയിൽ ആവിഷ്ക്കരിച്ചതാണ് ഈ കൃതിയുടെ മേന്മ.
- ആറ്റുനോറ്റുണ്ടായ ഓമനപ്പുത്രന്റെ ആകസ്മിക വിയോഗം കവിയിലുണ്ടാക്കിയ ദുഃഖത്തിൽ നിന്നും ഉണ്ടായതാണ് ജ്ഞാനപാന .
- പൂന്താനം മേല്പ്പത്തൂർ ഭട്ടതിരിയെ സമീപിക്കുകയും ജ്ഞാനപ്പാനയിൽ എന്തെങ്കിലും തിരുത്തലുകൾ നടത്തേണ്ടതുണ്ടോ എന്നാരായുകയും ചെയ്തു.
- മലയാളത്തിലായ കാവ്യം വായിക്കാൻ താല്പര്യമില്ലാത്ത ഭട്ടതിരി ആവശ്യം നിരസിച്ചപ്പോൾ




ജ്ഞാനപ്പാനയിൽ ഭഗവാൻ അവതരിക്കുകയും പൂന്താനത്തിന്റെ ഭക്തിയും ഭട്ടതിരിയുടെ വിഭക്തിയും തുല്യമാണെന്നരുളിചെയ്തെന്നും ഐതിഹ്യമുണ്ട്

- ജ്ഞാനപ്പാനയിലെ അതിഗഹനങ്ങളായ വേദാന്തസത്യങ്ങൾ സാധാരണക്കാർക്കു പോലും എളുപ്പം മനസ്സിലാക്കാൻ സാധിക്കുന്ന രീതിയിൽ പച്ചമലയാളത്തിൽ ആണ് എഴുതിയത്.
- അദ്ദേഹം 16 ആം നൂറ്റാണ്ടിൽ പെരിന്തൽമണ്ണയ്ക്ക് അടുത്തുള്ള അങ്ങാടിപ്പുറത്തെ തിരുമാന്ധാംകുന്ന് ക്ഷേത്രത്തിനു സമീപമുള്ള പൂന്താനം ഇല്ലത്താണ് ജനിച്ചത്.
- സന്താനഗോപാലം പാന, ഭാഷാകർണ്ണാമൃതം, നാരായണീയസ്തോത്രങ്ങൾ, ദശാവതാരസ്തോത്രം,നൂറ്റെട്ടു ഹരി എന്നിവയാണ് പൂന്താനത്തിന്റെ മറ്റു കൃതികൾ.
- ജനഹൃദയത്തിൽ ജീവിക്കുന്ന പ്രിയങ്കരനായ ജനകീയ കവിയാണ് പൂന്താനം.
- ലാളിത്യവും, മാധുര്യവും കലർന്ന അദ്ദേഹത്തിന്റെ വരികൾ കേട്ടുകൊണ്ടാണ് പഴയ തലമുറയിലെ കുഞ്ഞുങ്ങൾ ഉറങ്ങിയിരുന്നത്. ജ്ഞാനപ്പനയിലെ ഏതെങ്കിലും വരികൾ

വല്ലപ്പോഴും ചൊല്ലാത്ത,എഴുത്തുകാരോ, രാഷ്ട്രീയക്കാരോ, സാമൂഹ്യപ്രവർത്തകരോ ഇല്ല.

- മലയാളിയുടെ മനസ്സിൽ അത്രക്ക് വേരു പിടിച്ചുപോയ വരികളാണ് അവയിൽ പലതും.
- ആറ്റുനോറ്റു പിറന്ന തന്റെ കുഞ്ഞ്, ആ കുഞ്ഞിന്റെ ചോറൂൺ ദിവസം തന്നെ മൃതിയടഞ്ഞപ്പോൾ ,സ്വാഭാവികമായും അതീവദുഃഖിതനായ പൂന്താനം,തന്റെ സങ്കടത്തെ ഒരു യോഗവിഷയമാക്കി മാറ്റുകയും മനുഷ്യജന്മത്തെക്കുറിച്ച് മനനം നടത്താൻ ശ്രമിക്കുകയും ചെയ്തു.
- തന്റെ സൂക്ഷ്മ പഠനഫലങ്ങൾ മാനവരാശിക്കാകമാനം പ്രയോജനകരമാക്കാൻ ജ്ഞാനപ്പാനയിലൂടെ അദ്ദേഹത്തിനു സാധിച്ചു. അചഞ്ചലമായ ഭഗവദ്ഭക്തി ഏവർക്കും മനക്കരുത്തും ആശ്വാസവും നല്കുമെന്ന് അദ്ദേഹം ഉപദേശിച്ചു.
- ഉണ്ണിക്കൃഷ്ണനന്  മനസ്സിൽ കളിക്കുമ്പോൾ ഉണ്ണികൾ മറ്റു വേണമോ മക്കളായ്" എന്ന വരികളിലൂടെ സ്വയം ആശ്വാസം കണ്ടെത്തിയ അദ്ദേഹത്തിന്റെ പ്രപഞ്ചസത്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന വരികൾ അന്നും, ഇന്നും, എക്കാലത്തും പ്രസക്തമായി നിലകൊള്ളുന്നു.

## പാഠഭാഗത്തിലൂടെ :-

- അക്കാലത്തെ സമുദായ പ്രമാണിമാരുടെ ദൌർബല്യങ്ങളെക്കുറിച്ച് ശക്തമായ ഭാഷയിൽ പരിഹസിക്കാൻ അദ്ദേഹം ധൈര്യംകാണിച്ചു.
- സ്ഥാനമാനങ്ങൾചൊല്ലിക്കലഹിച്ചുനാണംകെട്ടുനടക്കുന്നവരേയും,വിഷയലമ്പടന്മാരേയും അദ്ദേഹം അപഹസിച്ചു.
- പട്ടിനും, വളയ്ക്കും വേണ്ടി കവിത എഴുതിയിരുന്ന ,ഇഷ്ടമില്ലാത്തതു പറഞ്ഞാൽ തല വെട്ടുമായിരുന്ന അക്കാലത്ത് നിർഭയമായി സമൂഹവിമർശനം നടത്തിയ പൂന്താനം മലയാളം കണ്ട വലിയ വിപ്ളവകാരിയാണ്.
- "പിറക്കുന്ന നേരത്തും, മരിക്കുന്ന നേരത്തും" ഒരിക്കലും ഒരുമിച്ച് വസിക്കാതിരിക്കുന്നവർ"മദ്ധ്യേയിങ്ങനെ കാണുന്ന നേരത്തു വെറുതെ മൽസരിക്കുന്നതെന്തിനാണ്" എന്നു പൂന്താനം ചോദിക്കുന്നു.
- "കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ കണ്ടില്ലെന്നു വരുത്തുന്നതും. രണ്ടുനാലു ദിനം കൊണ്ടൊരുത്തനെ തണ്ടിലേറ്റി നടത്തുന്നതും, "മാളികമുകളേറിയ മന്നന്റെ തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ" ഇത്തരം പ്രതിഭാസങ്ങൾ ഇന്നും നേരിൽ കാണുന്ന അവസ്ഥാവിശേഷങ്ങൾ തന്നെയല്ലേ?

- മനുഷ്യമനസ്സിന്റെ ഒരിക്കലും അടങ്ങാത്ത ആശകളെക്കുറിച്ച് "അർത്ഥമെത്ര വളരെയുണ്ടായാലും ,തൃപ്തി വരാ മനസ്സിന്നൊരു കാലം"പത്തു കിട്ടുകിൽ നൂറു മതിയെന്നും, ശതമാകിൽ സഹസ്രം മതിയെന്നും ഉള്ള വരികളിൽ വിവരിക്കുന്നു.
- പക്ഷേ, എത്ര കണ്ട് പണമോ, സ്വത്തോ സമ്പാദിച്ചാലും"ചത്തുപോന്നേരം വസ്ത്രമതുപോലും"കൊണ്ടു പോകാൻ ആർക്കും കഴിയില്ലെന്ന പച്ചപരമാർത്ഥം




അദ്ദേഹം ഓർമ്മിപ്പിക്കുന്നു

- .( ലോകം മുഴുവൻ കീഴടക്കിയ അലക്സാണ്ടർ ചക്രവർത്തി ഇന്ത്യയിലെ ഒരു യതിവര്യനെ കണ്ടുമുട്ടിയ ശേഷം ,ഭാരതീയ ദാർശനികതയുടെ മഹത്വത്തെക്കുറിച്ച് മനസ്സിലാക്കി,താൻ മരിക്കുമ്പോൾ ഈ ലോകത്തു നിന്നും താനൊന്നും കൊണ്ടുപോകുന്നില്ലെന്ന് മാലോകരെ മനസ്സിലാക്കിക്കാനായി തന്റെ ശവപ്പെട്ടിക്ക് പുറത്ത് തന്റെ കൈകൾ രണ്ടും മറ്റുള്ളവർക്കു കാണാനായി ഇടണമെന്ന് അദ്ദേഹം നിർദ്ദേശം നല്കിയിരുന്നുവെന്ന കഥ ഇവിടെ ഓർമ്മിപ്പിക്കട്ടെ)
- തുലോം ക്ഷണികമായ ഈ ആയുഷ്ക്കാലം മുഴുവൻ ഓരോ  മോഹങ്ങൾ വെച്ചുപുലർത്തുന്നതിന്റെ വ്യർത്ഥതയെക്കുറിച്ച്"ഇത്ഥമോരോന്നു ചിന്തിച്ചിരിക്കവേ ചത്തുപോകുന്നു "എന്ന വരിയിലൂടെ വ്യക്തമാക്കുന്നു.
- അനാവശ്യമായ ആഡംബരഭ്രമം കാണിക്കുന്ന, പൊങ്ങച്ചജീവിതം നയിക്കുന്ന പ്രമാണിമാർക്കെതിരെ അദ്ദേഹം എയ്ത പരിഹാസശരങ്ങൾ ഇന്നും കൂടുതൽ പ്രസക്തമായി നിലനില്ക്കുന്നു.
- കർമ്മങ്ങൾക്ക് വിളനിലമാണ്  ഈ ഭൂമിയെന്നും ഇച്ഛിക്കുന്നതൊക്കെ ഏവർക്കും കൊടുക്കുന്ന വിശ്വമാതാവാണ്  ഭൂമിദേവിയെന്നും പൂന്താനം വിളംബരം ചെയ്യുന്നുണ്ട്.
- വിഷ്ണുപത്നിയായ ഭൂമിദേവിയെ"പാദസ്പർശം ക്ഷമസ്വമേ" എന്നു ചൊല്ലിക്കൊണ്ട് കൈ തൊട്ട് തലയിൽ വെച്ച് പ്രണമിച്ചുകൊണ്ടാണ് ഉണർന്നെഴുന്നേല്ക്കേണ്ടതെന്ന് നമ്മിൽ പലരും പഠിച്ചിട്ടുണ്ടല്ലോ.യുഗം നാലിലും നല്ലത് കലിയുഗമാണെന്നും കലികാലത്തെ ഭാരതഭൂഖണ്ഡമാണ് ഏറ്റവും നല്ല ഭൂപ്രദേശമെന്നും,ഇവിടെ ഒരു പുല്ലായെങ്കിലും ജനിക്കാനുള്ള യോഗ്യത വരുത്തേണമേ എന്നും പൂന്താനം പ്രാർത്ഥിക്കുന്നുണ്ട്.

- കൃതയുഗത്തിൽ ഈശ്വരധ്യാനം നടത്തിയാലും,ത്രേതായുഗത്തിൽ യാഗം ചെയ്താലും ,ദ്വാപരയുഗത്തിൽ ഹോമം ചെയ്താലും ലഭിക്കുന്ന ഫലം കലിയുഗത്തിൽ നാമസങ്കീർത്തനം കൊണ്ട് സിദ്ധിക്കുമെന്ന് പുരാണങ്ങളിൽ പറയുന്നു.
- മോക്ഷം ലഭിക്കാൻ എന്തെളുപ്പമാർഗ്ഗം അല്ലേ?പൂന്താനം ഇക്കാര്യം ജ്ഞാനപ്പാനയിൽ തുടക്കത്തിലും, ഒടുക്കത്തിലും പറയുന്നുണ്ട്."തിരുനാമങ്ങൾ നാവിന്മേലെപ്പോഴും പിരിയാതെയിരിക്കണം നമ്മുടെ നരജന്മം സഫലമാക്കീടുവാൻ"എന്നു
- ആദ്യവരികളിലും "ആമോദം പൂണ്ട് ചൊല്ലുവിൻ നാമങ്ങൾ ആനന്ദം പൂണ്ട് ബ്രഹ്മത്തിൽ ചേരുവാൻ" എന്ന് അവസാനവും ആഹ്വാനം ചെയ്യുന്നു.
- നാമസങ്കീർത്തനഭക്തി വൈരാഗ്യവും,ജ്ഞാനവും നേടിത്തരുമെന്നതിനാൽ ഏറ്റവും നല്ല മുക്തിമാർഗ്ഗം അതുതന്നെയാണ്. പൂന്താനത്തിന്റെ അടിയുറച്ച ഭക്തിയാണ്, പണ്ഡിതനായ മേൽപ്പത്തൂരിന്റെ വിഭക്തിയേക്കാൾ തനിക്കിഷ്ടമെന്ന് ശ്രീഗുരുവായൂരപ്പൻ അരുളിചെയ്തിട്ടുണ്ടെന്ന കഥ പ്രസിദ്ധമാണല്ലൊ.
- മാനസികസംഘർഷമില്ലാതെ മനസ്സമാധാനത്തോടെ,ഈശ്വരൻ മനസ്സറിഞ്ഞ് തരുന്നതിൽ പൂർണ്ണ സംതൃപ്തിയോടെ ജീവിതം നയിക്കാൻ നിരന്തരമായ നാമജപം ആരേയും സഹായിക്കും. പൂന്താനത്തിന്റെ വരികൾ നല്ല ജീവിതം നയിക്കാൻ നമുക്കേവർക്കും പ്രചോദനം നല്കുന്നവയാണ്.
- കുങ്കുമത്തിന്റെ ഗുണമോ വിലയോ അറിയാതെ അത് ചുമന്ന് നടക്കുന്ന കഴുതയെ പോലെയാണ് മനുഷ്യർ എന്ന് കവി പറയുന്നു.
- എത്രയേറെ അറിവ് നേടിയിട്ടും കയ്യിൽ ഉള്ളതിന്റെ വില അറിയാതെ അതെവിടെ കിട്ടും എന്ന് അന്വേഷിക്കുന്നവരാണ് ഇന്നത്തെ മനുഷ്യർ.
- അൽപം മാത്രം ആയുസ്സ് ഉള്ള നാം ഭൂമിയിൽ പിറന്നത് തന്നെ വലിയ ഭാഗ്യമാണ്.
- ജനിക്കുന്നതും മരിക്കുന്നതും നാം ഒരുമിച്ചല്ല.പരസ്പരം കാണുമ്പോൾ എന്തിനാണ് മത്സരിക്കുന്നത് എന്നാണ് കവി ചോദിക്കുന്നത്.

സഹായകഗ്രന്ഥം :

1. ജ്ഞാനപ്പാന – പൂന്താനം
2. ഗൂഗിൾ. പേജ്.

# 4.രുക്മിണി സ്വയംവരം

# കുഞ്ചൻ നമ്പ്യാർ.

**കുഞ്ചൻ നമ്പ്യാർ അവതരിപ്പിച്ച തുള്ളൽ മൂന്ന് തരം ഉണ്ട് .**

1. **ഓട്ടൻതുള്ളൽ**



- തുള്ളലിൽ പ്രാധാന്യമുള്ള ഒന്നാണ് ഓട്ടൻതുള്ളൽ. മൂന്ന് ആളുകൾ ചേർന്നാണ് ഇത് അവതരിപ്പിക്കുന്നത്.
- തുള്ളൽകാരന് പുറമേ രണ്ട് വാദ്യക്കാർ ഉണ്ടാകും. തുള്ളൽക്കാരൻ പാടി നിർത്തുമ്പോൾ വാദ്യക്കാർ ഏറ്റുപാടും.
- തുള്ളൽ അവതരിപ്പിക്കുന്ന ആളുടെ വേഷം വ്യത്യസ്തമായിരിക്കും.
- മുഖത്ത് പച്ച തേക്കും. കണ്ണുകൾ ചുണ്ട പൂ കൊണ്ട് ചുവപ്പിക്കും. കണ്ണും പുരികവും കരിമഷികൊണ്ട് നീട്ടി എഴുതും.

- തലയിൽ തുണികൊണ്ട് കെട്ടി അതിന് മുകളിൽ അർധവൃത്താകൃതിയിലുള്ള കിരീടം വക്കും.
- അരയിൽ ചുവന്ന നിറത്തിൽ ഉള്ള പട്ട ചുറ്റും. അതിന് മുകളിലായി കച്ച ചുറ്റും. പിറക് ഭാഗത്ത് കരമുണ്ടും മുൻഭാഗത്ത് മുന്തിയും ധരിക്കും.
- ആഭരണങ്ങൾ ഇവയാണ്:- കഴുത്താരം, കൊരലാരം, മാർമാല, നെഞ്ചു പലക, തോൾപൂട്ട്, ഹസ്തകടകം, കങ്കണം,കച്ച മണി.

## 2. പറയൻ തുള്ളൽ



- മറ്റ് തുള്ളലുകളേക്കാൾ പ്രയാസമുള്ളതാണ് പറയൻ തുള്ളൽ.രാവിലെയാണ് ഇത് അരങ്ങേറുന്നത്.
- പറയുന്ന രീതിയിൽ ആണ് ഇതിന്റെ പാട്ട് അതിനാൽ തന്നെ ഇതിന് പറയൻ തുള്ളൽ എന്ന പേരും കിട്ടി.
- പറയർ എന്ന വിഭാഗത്തിന്റെ പഴയ അഭിനയരീതി പരിഷ്ക്കരിച്ചുണ്ടാക്കിയതിനാൽ ഈ പേര് വന്നു എന്നും പറയുന്നു.
- ശിവ സദൃശമായ വേഷമാണ് കലാകാരന് ഉണ്ടാക്കുക.
- ഭക്തിക്കാണ് ഇതിൽ പ്രാധാന്യം. പുരാണ കഥകൾ ആണ് ഇതിൽ ഉപയോഗിക്കുന്നത്.
- മൃദംഗം എന്ന വാദ്യ ഉപകരണമാണ് ഉപയോഗിക്കുന്നത്.
- മല്ലിക എന്ന സംസ്കൃതവൃത്തമാണ് ഇതിൽ കൂടുതലായി ഉപയോഗിക്കുന്നത്.
- വളരെ മന്ദഗതിയിൽ കലാകാരൻ ആംഗ്യങ്ങളിലൂടെ പാട്ടിന്റെ അർത്ഥം വിശദീകരിക്കും.

- ഇതിൽ നൃത്തത്തിന് പ്രാധാന്യം കുറവാണ്.
- വേഷവിധാനം :-
- കിരീടം ആണ് പെട്ടെന്ന് ഈ തുള്ളലിനെ മനസ്സിലാക്കാൻ സഹായിക്കുന്നത്.
- സർപ്പ ഫണവും ശിവലിംഗവും പതിച്ച കിരീടമാണ് ഉള്ളത്. അനന്തന്റെ സങ്കൽപമാണ് അത്.
- ഉടുത്ത് കെട്ടുന്നത് ചുവന്ന പട്ടു കൊണ്ടാണ്. ദേഹം മുഴുവൻ ഭസ്മം, ചന്ദനം ഇവ തേക്കും.
- കരിമഷികൊണ്ട് വാലിട്ട് കണ്ണെഴുതും. അമ്പടി കച്ചമണി,ഉടുത്തു കെട്ട് ഉണ്ടാകും.
- വലതു കാലിൽ വാകച്ചിലമ്പ് അണിയും. ഒറ്റക്കാലിൽ ആണ് നൃത്തം ചവിട്ടുക. മുറിയടന്ത താളമാണ് അതിന് ഉണ്ടാകുക.
- രുദ്രാക്ഷമാലകളാണ് ധരിക്കുന്നത്.
- സഭാപ്രവേശം, പാഞ്ചാലി സ്വയംവരം, പഞ്ചേന്ദ്രോപാഖ്യാനം, ത്രിപുരദഹനം, കുംഭകർണവധം, ദക്ഷയാഗം, കീചകവധം, പുളിന്ദീമോക്ഷം,സുന്ദോപസുന്ദോപാഖ്യാനം,നാളായണിചരിതം, ഹരിശ്ചന്ദ്രചരിതം തുടങ്ങിയ പറയൻ തുള്ളലുകൾ നമ്പ്യാർ അവതരിപ്പിച്ചു.

## 3. ശീതങ്കൻ തുള്ളൽ



- നമ്പ്യാർ ആദ്യം അവതരിപ്പിച്ചത് ശീതങ്കൻ തുള്ളൽ ആയിരുന്നു. കല്യാണ സൗഗന്ധികം ആണ് ആദ്യത്തെ കഥ.
- ചാക്യാരോടുള്ള പ്രതികാര സൂചകമായി ഒരു രാത്രി കൊണ്ട് ഉണ്ടാക്കി അവതരിപ്പിച്ച തുള്ളലാണിത്.
- ശ്രീരംഗൻ എന്ന സംസ്കൃത പദത്തിൽ നിന്നാണ് ശീതങ്കൻ എന്ന പദം ഉണ്ടായത്.
- പുലയർക്കിടയിൽ സാധാരണമായി ഉപയോഗിക്കുന്ന പദമാണ് ശീതങ്കൻ.
- വേഗത കുറച്ചാണ് ഇതിലെ പാട്ട്. ലാസ്യാംശം ഇതിൽ കൂടുതലായി കാണാം.
- പാതിരക്കാണ് ഇത് അവതരിപ്പിക്കുന്നത്.

- തുള്ളൽ അവതരിപ്പിക്കുമ്പോൾ പൊതുവേ നിലവിളക്ക് ഉപയോഗിക്കാറില്ല.
- വേഷം :-
- മുഖത്ത് മഞ്ഞ തേക്കും. കണ്ണും പുരികവും കരിമഷികൊണ്ട് നീട്ടി എഴുതും, ചുണ്ട് ചുകപ്പിക്കും ദേഹത്ത് കളഭം തേക്കും.
- തലയിൽ കറുത്ത തുണി ഉപയോഗിച്ച് കൊണ്ട കെട്ടും.
- കുരുത്തോല കൊണ്ടുള്ള പൂക്കളാണ് തലയിലും മാറിലും കൈകളിലും അണിയുന്നത്.
-

## രുഗ്മിണീസ്വയംവരം (ഓട്ടൻതുള്ളൽ)

- വിദർഭ (കുണ്ഡിനം) രാജ്യത്തിലെ രാജാവായിരുന്നു ഭീഷ്മകൻ.
- രുഗ്മി, രുഗ്മരഥൻ , രുഗ്മബാഹു , രുഗ്മകേശൻ , രുഗ്മാലി എന്നീ അഞ്ചു പുത്രന്മാരും രുഗ്മിണി എന്ന പുത്രിയും ഉണ്ടായിരുന്നു.
- രുഗ്മിണി അതീവ സുന്ദരിയും സത്സ്വഭാവിയും ആയിരുന്നു. ചെറുപ്പം മുതലേ ശ്രീകൃഷ്ണ ഭഗവാന്റെ ഗുണഗണങ്ങള് കേട്ടറിഞ്ഞിരുന്ന രുഗ്മിണി, കൃഷ്ണനൻ തന്റെ ഭർത്താവായി വരണമെന്ന് ആഗ്രഹിച്ചു.
- ശ്രീകൃഷ്ണനും രുഗ്മിണിയുടെ സൌന്ദര്യത്തെക്കുറിച്ചു കേട്ട് രുഗ്മിണി തന്റെ പതിയാകണമെന്ന് ആഗ്രഹിച്ചു.
- രുഗ്മിണിയുടെ സഹോദരനായ രുഗ്മി ഒരു ദുശ്ശാട്യക്കാരനായിരുന്നു.
- അയാളുടെ സുഹൃത്തുക്കള് സാല്വൻ, ശിശുപാലൻ, ജരാസന്ധൻ, ദന്തവക്ത്രൻ തുടങ്ങിയവരായിരുന്നു.
- ഇവരൊക്കെ ശ്രീകൃഷ്ണന്റെ ശതൃക്കളുമായിരുന്നു.
- അച്ഛനമ്മമാർക്കും ബന്ധുക്കൾക്കും രുഗ്മിണിയെ കൃഷ്ണന് കല്യാണം കഴിച്ചു കൊടുക്കാനാണ് താൽപ്പര്യം.
- എന്നാൽ രുഗ്മി തന്റെ സഹോദരിയെ ശിശുപാലന് കല്യാണം കഴിച്ചുകൊടുക്കാൻ താൽപ്പര്യപ്പെട്ടു.
- നിവൃത്തിയില്ലാതെ ഭീഷ്മക രാജാവ് മകന്റെ നിർബന്ധത്തിനു വഴങ്ങി.
- ഇതറിഞ്ഞ രുഗ്മിണി വളരെ ദുഖിതയായി. ഒരു വിശ്വസ്ത ബ്രാഹ്മണനെ വിളിച്ച് കൃഷ്ണനെ ഈ വിവരം അറിയിക്കാൻ അയച്ചു.
- ബ്രാഹ്മണൻ ദ്വാരകയിലെത്തി ദ്വാരപാലന്മാരുടെ അനുവാദം വാങ്ങി ശ്രീകൃഷ്ണന്റെ സമീപമെത്തി ഭഗവാൻ ആ ബ്രാഹ്മണനെ വിധിയാംവണ്ണം പൂജിച്ച് തന്റെ ചാരത്തിരുത്തി ഇഷ്ടഭോജനങ്ങള് നൽകി.
- സംതൃപ്തനായ ബ്രാഹ്മണൻ വിവരമെല്ലാം ശ്രീകൃഷ്നോട് പറഞ്ഞു.
- എളുപ്പമായ ഒരു മാർഗ്ഗവും പറഞ്ഞുകൊടുത്തു.
- അതായത് കുലദൈവമായ ഗൌരിയെ ആരാധിക്കാനായി ക്ഷേത്രത്തിലേക്ക് വരുമ്പോൾ, അവിടെ വച്ച് രുഗ്മിണിയെ തേരിൽ കയറ്റി കൊണ്ടുപോയാൽ മതി, എന്നാണു രുഗ്മിണി പറഞ്ഞയച്ചത്.

- രുഗ്മിണിയുടെ സന്ദേശവാർത്ത കേട്ട് ഭഗവാൻ അളവറ്റു സന്തോഷിച്ചു.
- ദാരുകനെ തേരാളിയാക്കി, ഭഗവാൻ ആ ബ്രാഹ്മണനെയും കൂട്ടി വിദർഭയിലോട്ട് അതിവേഗത്തിൽ യാത്രതിരിച്ചു.
- ഇതറിഞ്ഞ ബലരാമൻ അനുജനെ സഹായിക്കാനായി സൈന്യസമേതം വിദർഭയിലേക്ക് പുറപ്പെട്ടു.
- ഭീഷ്മകൻ തന്റെ പുത്രിയുടെ വിവാഹാഘോഷങ്ങളെല്ലാം തയ്യാറാക്കി.
- ചേദിരാജാവായ ദമഘോഷനും മകനായ ശിശുപാലനും പൂജകളും ദാനങ്ങളും നടത്തി ചതുരംഗപ്പടയോടും വാദ്യഘോഷത്തോടും കൂടി വിദർഭ രാജധാനിയിലെത്തി.
- ഭീഷ്മകനും രുഗ്മിയും ബന്ധുക്കളും അവരെ സ്വീകരിച്ച് സൽക്കാരങ്ങള് ചെയ്തു.
- അംഗൻ , കലിംഗൻ, മാളൻ, കേകയൻ, വംഗൻ, മാഗധൻ, കോസലൻ, സാല്വൻ തുടങ്ങിയ രാജാക്കന്മാരും പരിവാരങ്ങളും സന്ഹിതരായിരുന്നു.
- സാല്വൻ, ജരാസന്ധൻ, വിഡൂരഥൻ , ദന്തവക്ത്രനൻ തുടങ്ങിവർക്ക് ശ്രീകൃഷ്ണൻ വന്നു രുഗ്മിണിയെ കൊണ്ടുപോകുമെന്ന് സംശയമുള്ളതിനാൽ അവരൊക്കെ സൈന്യ സന്നാഹത്തോടെയാണ് ആഗതരായത്.
- ദ്വാരകയിൽ പറഞ്ഞുവിട്ട ബ്രാഹ്മണനെ കാണാതെ രുഗ്മിണി ആകാംഷാഭരിതയായി.
- അപ്പോഴുണ്ട് അവളുടെ ഇടതു കണ്ണും കവിളും തുടയും തുടിച്ചു.
- ഇത് നാരിമാർക്ക് ശുഭലക്ഷണമായതുകൊണ്ട് രുഗ്മിണി സന്തോഷിച്ചു.
- അപ്പോഴേക്കും ആ ബ്രാഹ്മണൻ അവിടെയെത്തി ശ്രീകൃഷ്ണനും ബലരാമനും സൈന്യവുമെല്ലാം എത്തിയ വിവരം രുഗ്മിണിയെ അറിയിച്ചു.
- അതീവ സന്തുഷ്ടയായ രുഗ്മിണി പലതരം വിലപ്പെട്ട ദ്രവ്യങ്ങള് ആ ബ്രാഹ്മണന് നൽകി വണങ്ങി നിന്നു .
- ബ്രാഹ്മണൻ ആശീർവദിച്ചിട്ട് അവിടെനിന്നും യാത്രയായി.
- ശ്രീകൃഷ്ണനും ബലരാമനും വന്നിട്ടുണ്ടന്നറിഞ്ഞ ഭീഷ്മകന അവരെ സ്വീകരിച്ച് സല്ക്കാരത്തോടെ താമസിപ്പിച്ചു.
- സുന്ദരരൂപനായ ശ്രീകൃഷ്ണനെ കണ്ട് തങ്ങളുടെ രാജകുമാരിയും ശ്രീകൃഷ്ണനുമായുള്ള വിവാഹം നടക്കേണമേയെന്ന് എല്ലാവരും ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു.
- രുഗ്മിണി തോഴിമാരോടൊപ്പം ക്ഷേത്രത്തിലെത്തി പാർവതിദേവിയെ നന്നായി പ്രാർത്ഥിച്ചു.
- പൂജകളെല്ലാം കഴിഞ്ഞ് തിരിച്ചുവരുന്ന രുഗ്മിണിയുടെ അതീവ സൌന്ദര്യത്തിൽ പല രാജാക്കന്മാരും മോഹിച്ച് പ്രതിമ കണക്കെ നിന്നുപോയി.
- മന്ദം മന്ദം നടന്നടുക്കുന്ന ആ സ്ത്രീ രത്നത്തിന്റെ അടുത്ത് ശ്രീകൃഷ്ണൻ തേരുമായി ചെന്ന് അവളെ ആ തേരിൽ കയറ്റി യദുക്കളുടെ അകമ്പടിയോടെ പോവുകയും ചെയ്തു.
- ഭീഷ്മകനും അന്തപുരസ്ത്രീകളും ബന്ധുക്കളും വളരെയധികം സന്തോഷിച്ചു.
- രുഗ്മിയാകട്ടെ, "കൃഷ്ണനെ വധിച്ച് രുഗ്മിണിയെ വീണ്ടെടുത്തശേഷമേ ഇനി വിദർഭയിൽ പ്രവേശിക്കുകയുള്ളൂ " എന്ന് പ്രതിജ്ഞചെയ്തു.
- രുഗ്മിയും ശ്രീകൃഷ്ണനും തമ്മിൽ ഭയാനകമായ യുദ്ധം നടന്നു.
- രുഗ്മിയുടെ അസ്ത്രങ്ങളെല്ലാം കൃഷ്ണന് എയ്തുമുറിച്ചു.
- രുഗ്മി വാള് പ്രയോഗിച്ചപ്പോള് കൃഷ്ണൻ ആ വാള് എയ്തുമുറിച്ചു.

- അവസാനം കൃഷ്ണനും വാളെടുത്ത് രുഗ്മിയുടെ നേർക്ക് പാഞ്ഞു.
- അപ്പോള് രുഗ്മിണി, തന്റെ സഹോദരനെ കൊല്ലരുതെന്നും,പൊറുത്ത് മാപ്പു കൊടുക്കണമെന്നും കേണപേക്ഷിച്ചു.
- തന്റെ പ്രിയതമയുടെ വാക്കുകള് സ്വീകരിച്ച്, കൃഷ്ണൻ രുഗ്മിയെ വധിച്ചില്ല.
- എന്നാൽ അവനെ പിടിച്ചുകെട്ടി മീശയും കേശവും കരിച്ച് വിരൂപനാക്കി .
- രുഗ്മിയുടെ സേനയെയെല്ലാം വധിച്ച് ബലരാമനും അപ്പോള് അവിടെയെത്തി.
- രുഗ്മിയെ അഴിച്ചുവിട്ടശേഷം രുഗ്മിണിയെ ആശ്വസിപ്പിച്ചു .



- രുഗ്മി പ്രതിജ്ഞയനുസരിച്ച് പിന്നെ വിദർഭ രാജ്യത്ത് കയറിയിട്ടില്ല.
- ഭോജകുടം എന്ന ഒരു പുരം നിർമ്മിച്ച് അവിടെ താമസമാക്കുകയാണ് ചെയ്തത്.
- ശ്രീകൃഷ്ണനും ബലരാമനും യാദവരും രുഗ്മിണിയേയും കൊണ്ട് ദ്വാരകയിലെത്തി.
- ദ്വാരകാവാസികള് അത്യാഹ്ലാദപൂർവ്വം അവരെ എതിരേറ്റു കൊണ്ടുവന്നു.
- പിന്നെ നല്ല മുഹൂർത്തം നോക്കി ശ്രീകൃഷ്ണന്റെയും രുഗ്മിണിയുടെയും സ്വയംവരം നടന്നു.
- അവർക്ക് പ്രദ്യുമ്നൻ എന്ന പേരിൽ വിശ്രുതനായ ഒരു സല്പുത്രൻ ജനിച്ചു.
- ഇതാണ് ഐതിഹ്യ കഥ.
- ഇതിൽ രുഗ്മി തന്റെ പിതാവിനോട് സഹോദരിക്ക് ചേർന്ന വരനെ കുറിച്ച് വിവരിക്കുന്നതാണ് പാഠഭാഗം.

---

സഹായകഗ്രന്ഥം :

1. രുക്മിണി സ്വയംവരം - ഓട്ടൻതുള്ളൽ - കുഞ്ചൻ നമ്പ്യാർ
2. ഐതിഹ്യമാല - കൊട്ടാരത്തിൽ ശങ്കുണ്ണി
3. ഗൂഗിൾ വിക്കിപീടിക .

# 5.എന്ത് തന്റെ തീണ്ടലാണ്

# നാടൻ പാട്ട്

- രചയിതാവ് ആരെന്ന് പറയാൻ കഴിയാത്ത പാട്ടുകൾ നാടൻ പാട്ടുകളിൽ ധാരാളം ഉണ്ട്.
- തീണ്ടൽ എന്നാൽ തൊട്ടുകൂടായ്മ അയിത്തം എന്നൊക്കെയാണ് അർത്ഥം.
- ഈ പാട്ട് ജൻമിത്തത്തോടുള്ള കടുത്ത വിമർശനമാണെന്ന് പറയാം.
- അടിയാളൻ ചോദിക്കുന്ന ചോദ്യരീതിയിൽ ആണ് ഇതിലെ അവതരണം.
- അതിലെ ഓരോ ചോദ്യവും ഇടിവാളിന്റെ മൂർച്ചയോടെ മേലാളർക്ക് ഏൽക്കുന്നുണ്ട്.
- കറുത്തനിറം ഉള്ളവർ തൊട്ടാൽ വെളുത്തവർ കറുത്ത് പോകുമോ?
- എന്ന ചോദ്യം ഇവിടെയുള്ള അടിമത്ത ചൂഷണത്തെ മാത്രമല്ല ഓരോ കറുത്ത വർഗ്ഗക്കാരുടേയും ചോദ്യമാണ്.
- ഒരിക്കലും കുത്തിയിട്ടാൽ മുള വരാത്തതാണ് ഉപ്പ്.
- എന്നിട്ടും പാഴ്ചിന്തയോടെ മുന്നോട്ട് പോകുന്നവരെ വിദ്യാഭ്യാസം കുറവുള്ളവരെങ്കിലും തിരിച്ചറിവുള്ളവർ വിമർശിക്കാൻ മുതിരുന്നു.
- മീൻ കഴിക്കാൻ പാടില്ലാത്തവരാണ് മീൻ വളരുന്ന കുളത്തിലെ വെള്ളത്തിൽ കുളിക്കുന്നതും ആ വെള്ളം കൊണ്ടാണ് മന്ത്രജപങ്ങൾ നടത്തുന്നതും.
- ഈ വൈരുദ്ധ്യങ്ങളെ വളരെ ലളിതമായി എന്നാൽ അർത്ഥവത്തായി ഇതിൽ അവതരിപ്പിച്ചത് കാണാം.
- കാട് വെട്ടി വഴിയുണ്ടാക്കാൻ കീഴാളർ വേണം.
- നല്ല വഴിയായിക്കഴിഞ്ഞാൽ അതിലൂടെ അവർക്ക് നടക്കാൻ പാടില്ല.
- കുഴിവെട്ടികുളവും കിണറും ഉണ്ടാക്കാൻ കീഴാളർ വേണം.
- എല്ലാം കഴിഞ്ഞ് അതിലെ വെള്ളം ഇവർ ഉപയോഗിക്കുന്നതിൽ അയിത്തം കൽപിക്കുകയും ചെയ്യും.
- ഇങ്ങനെ ഉള്ള സ്ത്രീകളെ അയിത്തം നോക്കാതെ രാത്രിയുടെ മറവിൽ പ്രാപിക്കുകമ്പോൾ തമ്പുരാക്കൻമാർ ഒരു അയിത്തവും നോക്കാറില്ല..

## നാടൻ പാട്ടിന്റെ പ്രത്യേകതകൾ

………………………………………………………………………..




- വാമൊഴികളാൽ സമ്പന്നമാണ് നാടൻ പാട്ടുകൾ . മണ്ണറിഞ്ഞ മനുഷ്യരുടെ ജീവിതം അതിൽ പ്രതിഫലിക്കും.
- കലയിലോ സാഹിത്യത്തിലോ ഒരു കൃതിയിലെ യഥാർത്ഥമൂലരൂപങ്ങളിൽ നിന്നും കാലാന്തരത്തിൽ പല മാറ്റവും ഉണ്ടാകും.
- ഏതൊക്കെ കാലങ്ങളിലാണ് അതു നടന്നതെന്നും മനസ്സിലാക്കാൻ ഉതകുന്ന വാമൊഴിയായും വരമൊഴിയായും ഉള്ള തെളിവുകളാണ് പ്രമാണങ്ങൾ.
- മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച്, വായ്മൊഴിയിലൂടെ പകർന്നുവന്നിരുന്ന പാട്ടുകൾക്ക് പലപ്പോഴും ലഘുവോ ഭീമമോ ആയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്.
- കാലാവസ്ഥ, ഭൂപ്രകൃതി (തന്മൂലം കൃഷി, ആവാസവ്യവസ്ഥ), ഭരണവ്യവസ്ഥകളിലെ മാറ്റങ്ങൾ, മറ്റു സമുദായങ്ങളുമായുള്ള കൊണ്ടുകൊടുക്കലുകൾ ഇവയൊക്കെ കാരണമായിട്ടുണ്ടാവാം.
- അതുകൊണ്ട് പല പാട്ടുകളുടേയും അന്തസ്സത്ത അവയുടെ പ്രാമൂലരൂപവുമായി നേരിട്ട് ഒത്തുപോയെന്നു വരില്ല.
- അതുകൊണ്ടുതന്നെ, കൃത്യമായ ചരിത്രപഠനം ലക്ഷ്യമാക്കുന്ന ഗവേഷകർക്ക് മറ്റു നാടൻ കലാരൂപങ്ങളെപ്പോലെത്തന്നെ നാടൻപാട്ടുകളേയും അന്ധമായി ആശ്രയിക്കാനാവില്ല.
- വായ്മൊഴിരൂപത്തിൽ പ്രചരിച്ചിരുന്ന പാട്ടുരൂപങ്ങൾ വരമൊഴിരൂപത്തിൽ സൂക്ഷിക്കുന്നതിന് ഓരോരോ കാലങ്ങളിൽ അവ ആലപിച്ചുപോന്ന സമുദായങ്ങളോ വ്യക്തികളോ ശ്രമിച്ചിട്ടുണ്ട്.
- അത്തരം പരിശ്രമങ്ങൾ താളിയോല, കരിമ്പനയോല, കടലാസ് എന്നീ രൂപങ്ങളെൽ പലയിടത്തുനിന്നും കണ്ടെടുക്കപ്പെട്ടിട്ടുമുണ്ട്.
- ഇത്തരം പ്രമാണങ്ങളുടെ കൃത്യമായ കാലനിർണ്ണയം നടത്താനായാൽ അതതു പാട്ടുകളുടെ ആ കാലഘട്ടം വരെയെങ്കിലും പിന്നോട്ടുള്ള പ്രക്ഷിപ്തങ്ങൾ ഒഴിവായ രൂപങ്ങൾ കണ്ടുപിടിക്കാനും കഴിയും.

- കാലഘട്ടം,സമൂഹത്തിലെ സ്ഥാനഭേദങ്ങൾ, ദൈവാരാധനാക്രമങ്ങൾ, കാർഷികചര്യകൾ, പൊതുജനാരോഗ്യാവസ്ഥ, യുദ്ധങ്ങളും കലാപങ്ങളും, കുടുംബങ്ങളിലേയും കൂട്ടായ്മകളിലേയും ആഘോഷങ്ങൾ, ഉത്സവങ്ങൾ.
- ഐതിഹ്യങ്ങളിലേയും ചരിത്രങ്ങളിലേയും വീരകഥാപാത്രങ്ങൾ തുടങ്ങിയ ഘടകങ്ങളൊക്കെ ഭാഗഭാക്കും കാരണങ്ങളുമാവുന്ന വിധത്തിൽ വിശാലമായ ഒരു വൈവിദ്ധ്യം കേരളത്തിലെ നാടൻ പാട്ടുകളിൽ കാണാം.
- ചിലേതിനു ചരിത്രാതീതകാലത്തു നിലനിന്നിരുന്ന പ്രാഗ്സമൂഹങ്ങളുടെ പഴക്കം അവകാശപ്പെടാമെങ്കിൽ മറ്റു ചിലവ വർത്തമാനകേരളത്തിലെ ഏറ്റവും പുതിയ ശൈലികളിൽ ഉരുത്തിരിഞ്ഞവയാണ്.
- ഉറക്കുപാട്ടുകളും കൃഷിപ്പാട്ടുകളും മുതൽ ഓണപ്പാട്ടുകളും പടപ്പാട്ടുകളും വരെ മലയാളത്തിന്റെ നാടൻ പാട്ടുശേഖരങ്ങളിൽ പെടുന്നു.
- വളരെ അശ്രദ്ധമായി പാടിത്തകർക്കാവുന്ന ചെറുശീലുകൾ മുതൽ ശ്രദ്ധയോടെ കൃത്യമായി മണിക്കൂറുകൾ വരെ ദീർഘമായി ഉരുക്കഴിക്കേണ്ടുന്ന അനുഷ്ഠാനഗീതികൾ വരെ ഈ ശൃംഖല വിപുലമാണു.
- എന്തു തന്റെ തീണ്ടലാണ് എന്ന നാടൻ പാട്ട് ജൻമി വാഴ്ചയെയാണ് സൂചിപ്പിക്കുന്നത്.
- അടിയാളർ കഠിനാധ്വാനം ചെയ്ത് കുഴിച്ച കുളങ്ങൾ, വീടുകൾ, നടവഴികൾ ഇവ ഉപയോഗിക്കാൻ അവർക്ക് അനുവാദം ഇല്ല.
- സൂര്യോദയം തൊട്ട് അസ്തമയം വരെ അധ്വാനിച്ചാലും കൂലി ലഭിച്ചില്ല.
- ജൻമിയുടെ വാക്ക് വിശ്വസിച്ച് അവരുടെ ശിക്ഷ ഭയന്ന് ജീവിക്കുന്ന ഇവരുടെ പരാതികളും പരിഭവങ്ങളും ആണ് ഈ ഭാഗത്ത് പങ്കു വക്കുന്നത്.
- വെട്ടിയുണ്ടാക്കിയ വഴിയിൽ നിന്ന് മാറി പോകാനുള്ള ആജ്ഞ ഇവരെ വിഷമിപ്പിക്കുമെങ്കിലും പ്രകടിപ്പിക്കില്ല.
- ദൈനം ദിന ജീവിതം മാനം ഇവ സ്വാതന്ത്ര്യത്തോടെ കാക്കാൻ കഴിയാത്തവരുടെ രോദനം ഇതിൽ പ്രകടമാണ്.
- കേരളത്തിന്റെ ഓരോ പ്രദേശത്തിന്റെയും കഥ പറയുന്ന വായ്മൊഴിയായുള്ള പാട്ടുകളാണ് നാടൻ പാട്ടുകള്.
- പാട്ടുകാരുടെ താത്പര്യത്തിനനുസരിച്ചുള്ള ശീലുകളിൽ പാടുന്ന നാടൻ പാട്ടിന്റെ വരികള് വരും തലമുറകളിലേക്കു കൈമാറിയത് വായ്മൊഴിയിലൂടെ മാത്രമായിരുന്നു.
- ആളുകളുടെ തൊഴിലിനെ ആസ്പദമാക്കിയാണ് നാടൻ പാട്ടുകള് ഉത്ഭവിച്ചത്.
- ഓരോ തൊഴിലിനും യോജിച്ച ഈണത്തിൽ വളരെ സാധാരണമായ നാടൻ വാക്കുകള് കൊണ്ടാണ് ഈ പാട്ടുകള് ഉണ്ടാക്കിയിരിക്കുന്നത്.
- തങ്ങളുടെ ജോലിയുടെ ആയാസം കുറച്ച് അതു കൂടുതൽ രസകരമാക്കാൻ മാത്രമല്ല
- തങ്ങളുടെ തൊഴിൽ എങ്ങിനെ ചെയ്യണമെന്നും എന്തിനു ചെയ്യുന്നു എന്നും, അതിന്റെ ഫലവുമെല്ലാം പാട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഓരോ സ്ഥലത്തിനും, അതിനനുസരിച്ച ജോലിയും, ജോലിക്കു ചേർന്ന നാടൻ പാട്ടുകളും ഉള്ളതിനാൽ ഓരോ പ്രദേശത്തെയും നാടൻ പാട്ടുകളും വ്യത്യസ്തമായിരിക്കും.
- കൂടാതെ ദൈവത്തെ പ്രാർത്ഥിക്കുവാനും പ്രകൃതിയെ ആരാധിയ്ക്കുവാനും (മഴ, വെയിൽ, ഇടി, മിന്നല്)

- ഒക്കെ തനതായ നാടൻ പാട്ടുകള് ഉണ്ട്.
- നിലമുഴുന്ന പുരുഷന്മാര് പാടുന്ന പാട്ടല്ല വിതയ്ക്കുന്ന സമയത്തു പാടുക.
- ഞാറുനടുമ്പോള് പാടുന്നതല്ല വിളവെടുപ്പുകാലത്ത് പാടുക.
- ഓരോ പാട്ടും വ്യത്യസ്തകഥകള് പറയുന്നവയാണ്.
- കാർഷികവൃത്തി എങ്ങിനെ വേണമെന്ന് ഈ പാട്ടുകളിലൂടെ മനസ്സിലാക്കാം.
- അതു പോലെ മത്സ്യത്തൊഴിലാളികൾ, വഞ്ചിക്കാര്.
- ഇവർക്കെല്ലാം അവരുടേതായ പാട്ടുകളുണ്ട്.
- ഇന്നും നിലനിൽക്കുന്ന ചില നാടൻ പാട്ടുകളാണ്
- വിൽപ്പാട്ട്, മാപ്പിളപ്പാട്ട്, വടക്കൻപാട്ട് എന്നിവ.
- വാദ്യോപകരണങ്ങളുടെ സഹായമില്ലാതെ പാടുന്ന ഈ നാടൻ പാട്ടുകള് ഏറെ ആസ്വാദ്യമാണെന്നതിൽ തർക്കമില്ല.
- ചിലപ്പോള് ചില നാടൻ പാട്ടുകളിൽ ഒന്നോ രണ്ടോ നാടൻ ഉപകരണങ്ങള് ഉപയോഗിക്കാറുമുണ്ട്

  സഹായകഗ്രന്ഥം :


  1. എന്തു തൻറ തീണ്ടലാണ് - നാടൻ പാട്ട് .
  2. ഗൂഗിൾ വിക്കിപീഡിയ.

# 6.ആറ്റും മണമ്മേൽ ഉണ്ണിയാർച്ച

# വടക്കൻ പാട്ട്

- വടക്കൻ പാട്ട് വളരെ പ്രസിദ്ധമാണ്. അങ്കക്കളരിയും പാണപ്പാട്ടും തനിമയുടെ നേർചിത്രമാണ്.
- വടക്കൻ കേരളത്തിലെ വീരരാധനാപരമായ നാടോടി പാട്ടുകളാണ് വടക്കൻ പാട്ടുകൾ .
- പുത്തുരം വീട് എന്ന തീയർ തറവാട്ടുകാരും തച്ചോളി മാണിക്കോത്ത് മേപ്പയിൽ എന്ന നായർ തറവാട്ടുകാരും ആണ് ഇതിലെ കഥാപാത്രങ്ങൾ.
- പാണൻമാർ വഴിയാണ് ഇത് പ്രചരിച്ചത്.
- പുത്തൂരം വീട്ടിലെ ഉണ്ണിയാർച്ചയുടെ ധീരതയും തന്റേടവും ആണ് ഈ ഭാഗത്ത് വിവരിക്കുന്നത്.
- ഇതിൽ എന്റെ ഒരു കണ്ടെത്തൽ ആദ്യം പറയാം.
- " ആയിലാളർ പെണ്ണുങ്ങൾ പോകുന്നുണ്ടേ" എന്ന വരിയിൽ കൂത്ത്, വിളക്ക് ഇവ കാണാൻ ഉണ്ണിയാർച്ചയെ പോലെ മറ്റ് സ്ത്രീകളും പോയിട്ടുണ്ട്.
- പക്ഷെ ഉണ്ണിയാർച്ചയുടെ പുറപ്പാട് മാത്രമാണ് എല്ലാവരും പാടിയത്.
- സർവാഭരണഭൂഷിതയായി പട്ട് വസ്ത്രം ധരിച്ച് മുമ്പും ഉണ്ണിയാർച്ച കൂത്തിന് പോയിട്ടുണ്ട്.
- വിവാഹ ശേഷം ഉള്ള യാത്രയാണ് ഇവിടെ പ്രത്യേകതയായി മാറുന്നത്.
- ഭർത്താവിന്റെ അച്ഛൻ, അമ്മ വീട് ഇവിടെ എത്തുന്ന ഒരു സ്ത്രീ എങ്ങനെയാണെന്ന് വരികളിൽ വ്യക്തമാണ്.
- എല്ലാ ജോലിയും തീർത്തതിന് ശേഷമാണ് അവൾ യാത്ര ചോദിക്കുന്നത്.
- അനുവാദം ആരിൽ നിന്നും ലഭിച്ചില്ല.
- അതുകൊണ്ട് പോയ് വരട്ടെ എന്ന ഒരു വാക്കിലൂടെ ഉണ്ണിയാർച്ച ഇറങ്ങുന്നത്.
- അവളുടെ സ്വതന്ത്രബോധത്തെയാണ് പ്രകടമാക്കുന്നത്.
- ഇങ്ങനെയുള്ള ഉണ്ണിയാർച്ച മാരെയാണ് ഇന്നത്തെ സമൂഹത്തിന് ആവശ്യം.

**ചരിത്രത്തിലൂടെ നോക്കാം ……**




- പേര് കേട്ട തറവാടാണ് പുത്തൂരം വീട് . അവിടെ കളരി കുരുക്കളായ കണ്ണപ്പ ചേകവരുടെ മകളാണ് ഉണ്ണിയാർച്ച.
- വിവാഹ ശേഷം ഭർത്താവ് കുഞ്ഞിരാമന്റെ വീട്ട് പേരിൽ ആറ്റുമണമേൽ ഉണ്ണിയാർച്ച എന്ന് അറിയപ്പെട്ടു.
- പൂർണ സ്വാതന്ത്ര്യം നൽകിയാണ് കണ്ണപ്പ ചേകവർ മകളെ വളർത്തിയത്.
- കളരിമുറകൾ എല്ലാം പഠിപ്പിച്ചു. ഇഷ്ടങ്ങൾക്കൊന്നും എതിര് നിന്നില്ല.
- ആറ്റുമണമ്മേലെ കുഞ്ഞിരാമന്റെ അനുസരണയുള്ള ഭാര്യയായി ഉണ്ണിയാർച്ച ജീവിച്ചുതുടങ്ങി.
- അങ്ങിനെ ഒരു ദിവസം അല്ലിമലർക്കാവിൽ കൂത്ത്നടക്കുന്നത് അവള് സ്വപ്നം കണ്ടു.
- അയലത്തെ പെണ്ണുങ്ങള് കൂത്തുകാണാൻ പോകുന്നുണ്ടെന്ന് അവള് മനസ്സിലാക്കി.
- നേരംപുലരുവാനേഴര രാവുള്ളപ്പോള് എഴുന്നേറ്റ് വീട്ടിലെ ജോലിയെല്ലാം ചെയ്തു.
- കുളിച്ചൊരുങ്ങി കുറിവരച്ച് ആടയാഭരങ്ങളെല്ലാം ഇട്ട് ഒരുങ്ങി ഉണ്ണിയാർച്ച അച്ഛനോടു പറഞ്ഞു .
- ഞാൻ അല്ലിമലർക്കാവിൽ ഇത്തവണത്തെ കൂത്ത് കാണാൻ പോവുകയാണച്ഛാ എന്ന് പറഞ്ഞു.
- അത് കേട്ട് അഛൻ കൂത്തിന് പോകാൻ നിനക്കാരുണ്ട് തുണ എന്ന് ചോദിച്ചു.
- എന്റെ ഭർത്താവ് കുഞ്ഞിരാമൻ തുണവരും എന്നറിയിച്ച ഉണ്ണിയാർച്ചയോട് അവനെങ്ങനെ വരും കളരിയിൽ എന്നും പയറ്റില്ലേ എന്ന് അഛൻ ഓർമ്മപ്പെടുത്തി.
- നീ വിചാരിച്ചപോലല്ല വഴിയിൽ ജോനകരുടെ ശല്യം ഈയിടെയായി കൂടുതൽ ഉണ്ട് പെണ്ണുങ്ങളെ അവർ ഉപദ്രവിക്കും എന്നൊക്കെ പറഞ്ഞ് അവളെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു.
- എന്തായാലും തനിയെ പോകരുത് പാണനെ തുണയായി പോകാൻ അമ്മ പറഞ്ഞത് കേട്ട് ഉണ്ണിയാർച്ചയ്ക്ക് കോപംവന്നു.പാണനെ തുണയ്ക്ക് കൂട്ടികൊണ്ടു പോകാൻ പറ്റില്ലെന്നവള് തീർത്തുപറഞ്ഞു.
- എന്റെ ഉണ്ണിയാർച്ചേ നീ എന്റെ മകനെ കൊണ്ടുപോയി കൊല്ലിക്കരുത് എന്നറിയിച്ച അമ്മക്ക് ആർച്ച നല്ല മറുപടി നൽകി.
- പുത്തൂരം വീട്ടിലെ കണ്ണപ്പ ചേകവരുടെ മകളായ ഞാൻ ജോനകരെ പേടിച്ച് കൂത്ത് കാണാൻ പോകാതിരിക്കില്ല. എനിക്ക് കൂത്ത് കണ്ടേപറ്റൂ തനിയെ പോകാൻ മടിയുമില്ല.

- ഉണ്ണിയാർച്ച  തനിയെ പുറപ്പെട്ടു. കുറച്ച് ദൂരം പിന്നിട്ടപ്പോള് അരികിൽ കണ്ട ആൽത്തറയിൽ അവള് കുറച്ചുനേരം വിശ്രമിച്ചു.
- അപ്പോഴേക്കും ഗത്യന്തരമില്ലാതെ കുഞ്ഞിരാമൻ  അവിടേക്കെത്തിച്ചേർന്നു. പിന്നീട് അല്ലിമലർക്കാവിലേക്കുള്ള യാത്ര അവരിരുവരും ഒരുമിച്ചായിരുന്നു.
- അവർ കുറേദൂരം പിന്നിട്ടപ്പോള് ജോനകരുടെ താവളമെത്തി. ജോനകരെ കണ്ട കുഞ്ഞിരാമൻ  എലിയെപ്പോലെ നിന്നുവിറക്കാൻ തുടങ്ങി.ഇത് കണ്ട ഉണ്ണിയാർച്ച പറഞ്ഞു:
- പെണ്ണായ ഞാൻ വിറക്കുന്നില്ല എങ്കിലും ആണായ നിങ്ങളെന്തേ ഇങ്ങനെ വിറക്കുന്നു .”
- കുഞ്ഞിരാമൻ  ഒന്നും  പറഞ്ഞില്ല. ജോനകരുടെ സമിപത്തെത്തിയപ്പോള് അവർ ഉണ്ണിയാർച്ചയെ തടഞ്ഞു. കുഞ്ഞിരാമൻ  അപ്പോഴും നിന്നു വിറക്കുകയായിരുന്നു.കുഞ്ഞിരാമനോടവള് ചോദിച്ചു:പുത്തൂരം  വീട്ടിലെ  പെണ്ണുങ്ങള് ആണുങ്ങളെ കൊല്ലിച്ച കഥ നിങ്ങള് കേട്ടിട്ടുണ്ടോ? ”
- അപ്പോഴേക്കും ജോനകർ അവരുടെ  അടുത്തെത്തിക്കഴിഞ്ഞിരുന്നു. വടിയും ആയുധങ്ങളുമായി അവർ ചുറ്റിലും വളഞ്ഞു.
- ഉണ്ണിയാർച്ച  കലിപൂണ്ടു വിറച്ചു.അവള് അരയും തലയും മുറുക്കി മേൽമുണ്ട് ചുറ്റിക്കെട്ടി അരമുറുക്കി.
- എന്നിട്ട്  അരയിൽ കരുതിയിരുന്ന ഉറുമിയെടുത്ത് വീശി അങ്കച്ചുവടുവച്ച് അവരുടെ നേരെ ചാടി വെല്ലുവിളിച്ചു:
- എടാ ഒന്നിനും  കൊള്ളാത്തവരെ എന്നോടാശയുള്ളവർ എന്റെ കൈപിടിച്ച് തടുക്കാൻ ചുണയുള്ളവർ വരിനെടാ….തല്ലിനോ അടിക്കോ ആണെങ്കിലും ഉശിരുള്ളവർ ഉണ്ടെങ്കിൽ വാ എന്ന് .
- അങ്കക്കലികൊണ്ട് ആലിലപോലെ ആവേശംകൊണ്ട് വിറച്ച് ഉണ്ണിയാർച്ച  മുന്നോട്ടും പിന്നോട്ടും ചുവടുവച്ച് നീങ്ങി.
- കുതിരപ്പാച്ചിലിൽ അവളുടെ  ഉറുമിത്തലകൊണ്ട് ജോനകരിൽ പലരും വീണു. പകച്ചുനിന്ന ജോനകരെ വിടാതെ ആക്രമിച്ചുകൊണ്ടാവേശത്തിൽ അവള് വിളിച്ചുപറഞ്ഞു:
- പുത്തൂരം  വീട്ടിലെ ആരോമൽ ചേകവരുടെ  നേർപെങ്ങള് ആറ്റുംമണമ്മേലെ ഉണ്ണിയാർച്ചയാണു ഞാൻ!  പൊരുതാൻ കെല്പ്പുള്ളവർ  ആരെങ്കിലും  ഇനിയുമുണ്ടോ? ”
- ഇത് കേട്ട ജോനകർ നിച്ഛലരായി.കുഞ്ഞിരാമൻ  അവളുടെ  പോരാട്ടം നോക്കി അത്ഭുതപരവശനായി നിന്നു.
- ജോനകർ പഞ്ഞി കാറ്റത്ത് പറക്കുന്നപോലെ മൂപ്പന്റെയടുത്ത് പാഞ്ഞെത്തി  ഉണ്ടായ സംഭവങ്ങള് വിവരിച്ചു.
- ഭയന്ന് വിറച്ച മൂപ്പന ഓടിവന്ന്  കാഴ്ചകള് വച്ച് ഉണ്ണിയാർച്ചയുടെ കാല് പിടിച്ച് മാപ്പുപറഞ്ഞു.അങ്ങനെ ജോനകരെ നിലയ്ക്ക്  നിർത്തി പുതിയ  ചരിത്രം കുറിച്ചു.
  സഹായകഗ്രന്ഥം :

1. ആറ്റുംമണമ്മേൽ ഉണ്ണിയാർച്ച - വടക്കൻ പാട്ട്
2. ഉണ്ണിയാർച്ച – ഉദയ  (സിനിമ  1961)
3. ഗൂഗിൾ വിക്കിപീടിക.

# 7.മറിയക്കുട്ടിയുടെ കത്ത്

# പുലിക്കോട്ടിൽ ഹൈദർ .

- പുലിക്കോട്ടിൽ ഹൈദർ എഴുതിയ രചനകളിൽ മികച്ചതാണ് 'മറിയക്കുട്ടിയുടെ കത്ത്'.
- ഈ കാവ്യം രണ്ട് ഇശലിലുള്ളതാണ്.
- ഹൈദറിന്റെ കത്തുപാട്ടിനെ സംബന്ധിച്ച് പ്രശസ്ത സാഹിത്യകാരനായിരുന്ന ഡോ. അയ്യപ്പപ്പണിക്കർ പ്രൗഢമായ ഒരു ലേഖനം 1979-ല് എഴുതിയിരുന്നു.




- ഡോ. എം. എൻ. കാരശേരിയുടെ ശ്രമഫലമായി ഈ കത്തുപാട്ട് ഇംഗ്ലീഷിലേക്ക് മൊഴിമാറ്റി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.
- കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച പുലിക്കോട്ടില് കൃതികള് എന്ന ഗ്രന്ഥത്തിൽ മറിയക്കുട്ടി കത്തിനെ സംബന്ധിച്ചു ഡോ. എം.എൻ. കാരശേരി ഒരു പഠനം എഴുതിയിട്ടുണ്ട്.
- സമൂഹത്തിലെ അവശ വിഭാഗങ്ങളുടെ നൊമ്പരം കണ്ടറിയുവാനുള്ള ശേഷി ഹൈദറിന്ന് സഹജമായിരുന്നു.
- പുരുഷന്റെ ക്രൂരതക്കും വഞ്ചനക്കും പാത്രമാകുന്ന സ്ത്രീത്വവും ഹൈദറിന്റെ ഗാന രചനയെ എന്നും പ്രചോദിപ്പിച്ചിട്ടുണ്ട്.
- സ്ത്രീയുടെ നൊമ്പരം വിശദീകരിക്കുന്നതിലാണ് ഹൈദര് കവിതകളുടെ വിജയം.
- മലബാർ കലാപത്തിനു ശേഷം ബെല്ലാരി ജയിലിൽ തടവുകാരനായി കിടക്കുന്ന ഭർത്താവ് ഹസ്സൻകുട്ടി, ഭാര്യ മറിയക്കുട്ടിയെ സംശയിക്കുന്നു.

- റയിൽവെ ജോലിക്കാരായ ചിലർ അർധരാത്രി മറിയക്കുട്ടിയുടെ വീട്ടിലെ വാതിലിന്ന് മുട്ടിയപ്പോള് കൈയിൽ ചൂലുമായി വാതിൽ തുറന്നു മറിയക്കുട്ടി അവരെ നേരിട്ടു.
- അതിൽ കുപിതരായ ചിലർ മറിയക്കുട്ടിയെകുറിച്ച് അപവാദങ്ങളെഴുതി ആ കത്ത് ജയിലിലേക്കയച്ചു.
- കത്ത് വായിച്ച് കുപിതനായ ഭർത്താവ് ഹസ്സന് കുട്ടി ഭാര്യ മറിയക്കുട്ടിയുടെ ഉമ്മക്ക് നിങ്ങളുടെ മകളെ ഞാൻ മൊഴിചൊല്ലുകയാണെന്ന് അറിയിച്ചു കൊണ്ട് ഒരു കത്തയച്ചു.
- ഈ കത്ത് വായിച്ച് 'മനസ്സുരുകി മറിയക്കുട്ടി ജയിലിലേക്കയച്ച മറുപടി കത്താണ് മറിയക്കുട്ടി കത്ത്.
- സങ്കടം പറഞ്ഞുകൊണ്ടും തന്റെ നിരപരാധിത്വം വിവരിച്ചു കൊണ്ടും മറിയക്കുട്ടി എഴുതി.
- ''എന്നെ നിങ്ങളൊയ്യെ തൊട്ടിട്ടില്ല മറ്റൊരാണ്!എമ്പിടുന്നു കൊണ്ടുവെട്ടി തങ്ങളെ കാലാണ്!''
- കൊണ്ടോട്ടി തങ്ങളുടെ കാല് തൊട്ട് സത്യം ചെയ്ത അവൾ ജയിലിലേക്ക് നേരിട്ട് വരുമെന്ന് പറയുന്നുണ്ട്.
- 'ബല്ലാരിക്കുടനെ ഞാൻ വരാം, ഒട്ടു വഴിയുണ്ടോ?വല്ലികൾക്കവിടേക്ക് വരാൻ പാടുണ്ടോ?''
- എന്ന ആ നാട്ടിൻപുറക്കാരി പെണ്ണിന്റെ നിഷ്കളങ്കമായ ചോദ്യം ഏത് ഹൃദയത്തിലും ചെന്നു തട്ടും.
- ''ഉണ്ടതെങ്കില്, വന്നു കാൺമാൻ ഉണ്ട് മോഹം പൊന്നേ!ഒറ്റ നോക്ക് കണ്ടു മരിച്ചോട്ടെ അന്നു തന്നെ!''
- എന്ന അവളുടെ സങ്കടം ആരുടെയും കണ്ണു നനയ്ക്കും.
- ''ചക്കു പലമേല് ഇരുന്ന് ചക്കര തിന്നാലും സംശയം കൂടാതെ പുണ്ണാക്കാണതെന്നുബോലും''
- എന്ന വരികളിൽ കവി ഹാസ്യവും ദു:ഖവും ഒന്നിച്ചു ധ്വനിപ്പിക്കുന്നു.
- സജീവ ഭാഷയോടും ജീവിതത്തോടും മനുഷ്യ ഹൃദയത്തോടുമുള്ള ഈ ബന്ധമാണ് ഹൈദറിനെ മലബാറിലെ ഏറ്റവും പോപുലറായ പാട്ടുകാരനാക്കിയത്.
- ഇത്രയധികം മാപ്പിളപ്പാട്ടെഴുതിയ ഒരു പാട്ടുകാരനില്ല.
- ഇത്രയധികം ആളുകൾക്കിടയിൽ ഇത്രയധികം പ്രചാരം നേടിയ വെറെ പാട്ടുകളുമില്ല.
- മലബാർ കാലാപത്തിന്റെ ബാക്കി പത്രമായ 1920 നും 1930 നും ഇടയിലെ
- പത്ത് വർഷക്കാലം ഒരു നെരിപ്പോട് പോലെ വെന്ത് 'മറിയുന്ന ഒരു ഏറനാടുണ്ട്'.
- ആരും സഹായിക്കാനില്ല. മലബാറിൽ അന്ന് മുസ്ലിംലീഗില്ല.
- 1937 ലാണ് മുസ്ലിംലീഗ് മലബാറിൽ സ്ഥാപിതമാവുന്നത്.
- കലാപത്തിൽ മരണപ്പെട്ടവരുടെ അനാഥരായ മക്കളെ സംരക്ഷിക്കുന്നതിന്ന് വടക്കെ ഇന്ത്യയിൽ നിന്ന് വന്നവർ.
- ജെ.ഡി.ടി. ഇസ്ലാം അനാഥശാല സ്ഥാപിക്കുന്ന കാലഘട്ടം.
- ഈ ഘട്ടത്തിൽ ജീവിക്കാൻ വേണ്ടി, മക്കളുടെ പട്ടിണി മാറ്റാൻവേണ്ടി
- ശരീരം വിൽക്കേണ്ടിവന്ന നിസ്സഹായരായ ഏറനാടന് മുസ്ലിം യുവതികളെ കുറിച്ചാണ് ഹൈദർ

- ''കയ്യകുത്താതെ മറിയുന്ന പെണ്ണുങ്ങളെന്ന്'' സൂചിപ്പിക്കുന്നത്.
- കാലാവസ്ഥയെന്ന് പറഞ്ഞാൽ മലബാർ കലാപത്തിനു ശേഷമുള്ള അരക്ഷിതമായ ഒരു പതിറ്റാണ്ട്.
- മലബാർ കലാപത്തിന്റെ ബാക്കി പത്രമായ ഈ കയ്യകുത്താതെ മറിയുന്ന പെണ്ണുങ്ങളെ പറ്റി ഹൈദറല്ലാതെ മറ്റേതെങ്കിലും കവികള് പാടിയതായി അറിവില്ല.

സഹായകഗ്രന്ഥങ്ങൾ :

1. മറിയക്കുട്ടിയുടെ കത്ത് - പുലിക്കോട്ടിൽ ഹൈദർ
2. ഗൂഗിൾ പേജ്

# 8.രാച്ചിയമ്മ

# ഉറൂബ്

- ഉറൂബ് എന്ന തൂലിക നാമത്തിൽ അറിയപ്പെടുന്ന കഥാകൃത്താണ് പി സി കുട്ടികൃഷ്ണൻ.
- സ്ത്രീ എന്തെന്നും എന്തല്ലെന്നും അറിഞ്ഞ എഴുത്തുകാരനാണ് വിശ്വസാഹിത്യത്തിൽ സ്ഥാനം പിടിച്ച ഉറൂബ്.
- സ്ത്രീയുടെ പ്രാധാന്യം വെളിപ്പെടുത്തിയ കഥയാണ് രാച്ചിയമ്മ.




- സ്നേഹം ഭൗതികമായി സ്വന്തമാക്കുന്നതിനേക്കാൾ ആത്മീയമായി സ്വന്തമാക്കണം എന്ന ചിന്ത പങ്കുവക്കുന്ന കഥ .
- രാച്ചിയമ്മ, മിസിസ് നായർ തുടങ്ങിയ കഥാപാത്രങ്ങളുടെ വ്യത്യസ്ത മുഖങ്ങൾ ഇതിൽ കാണാം.
- ഷെവർലെ കാറും ആധുനിക ജീവിതവുമാണ് മിസിസ് നായരുടെ ലോകം എന്നാൽ സ്നേഹത്തിന്റെ ഉത്കൃഷ്ടതയാണ്.
- വികാരങ്ങൾക്ക് വിധേയരാണ് മനുഷ്യർ എന്ന് വെളിപ്പെടുത്തുന്ന രാച്ചിയമ്മയുടെ വാക്കുകൾ :-
- “നമ്മൾ മനുഷ്യരാണ് മണ്ണ് കൊണ്ടുണ്ടാക്കിയതല്ലല്ലോ” എന്നത് സ്ത്രീത്വത്തിന്റെ ഗഹനതയും സ്ത്രീ പ്രകൃതിയാണ് എന്ന അടിത്തറയും ആണ് കാണിക്കുന്നത്.
- മലയാള ചെറുകഥാസാഹിത്യത്തിൽ ഉറൂബിന്റെ രാച്ചിയമ്മ എന്ന കഥ വേറിട്ട കാഴ്ചയും വായനുഭവവുമാണ്.
- ഏറെ ചർച്ച ചെയ്യപ്പെട്ടതും കാലത്തെ അതിജീവിച്ചതുമായ മികച്ച കഥകളിലൊന്നായി ഈ കഥ അറിയപ്പെട്ടു.
- സ്ത്രീ പ്രകൃതിയാണെന്നും ശക്തിസ്വരൂപിണിയായ കാളിയാണെന്നും രാച്ചിയമ്മ തെളിയിച്ചു
- അതിന്റെ നിലനിൽപ് ജീവിതത്തിലെ അസാധാരണതകളെ പകർത്തിവെക്കുന്നതുകൊണ്ടു മാത്രമല്ല,
- ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന അസാധാരണമായ അനുഭവങ്ങളിലൂടെയും അസാധാരണമായ വ്യക്തിത്വങ്ങളിലൂടെയുമുള്ള അപൂർവ്വമായ അന്വേഷണങ്ങൾകൊണ്ടുകൂടിയാണ്.

- വിശ്വാസമായ മഞ്ഞപ്രസാദം കൊട്ട് സത്യമെടുത്ത രാച്ചിയമ്മ പുരുഷനിലെ സൗമ്യതയിൽ വഴങ്ങിക്കൊടുക്കുന്നുണ്ട്.
- മനസ്സും ശരീരവും ലയിക്കുമ്പോൾ സ്നേഹം പൂർണമാകും എന്ന കണ്ടെത്തലാണ് രാച്ചിയമ്മയെ മഞ്ഞൾക്കുറി മായ്ക്കാൻ പ്രേരിപ്പിച്ചത്.
- കുടുംബമായി കഴിയുന്നവനാണ് തന്റെ കാമുകൻ എന്നറിഞ്ഞിട്ടും ആ കുടുംബം സംരക്ഷിച്ചു കൊണ്ടാണ് രാച്ചിയമ്മ ഇഷ്ടത്തെ പൂർത്തീകരിച്ചത്.
- കാമുകന്റെ മകളെ സ്വന്തം മകളായി കണ്ട് സ്വത്ത് അവളുടെ പേരിൽ എഴുതി വച്ചവളാണ് രാച്ചിയമ്മ.



- കരിങ്കല്ല് പെറ്റിട്ടെന്നോണം കറുത്ത ഉടലുള്ള രാച്ചിയമ്മയുടെ ചിരി ചോർച്ചടിക്കുന്നത് പോലെ ഇടിമിന്നൽ ചിരിയാണ്.
- കറുത്ത് നീണ്ട വിരൽ തുമ്പുകളിൽ അമ്പിളിത്തുണ്ടുകൾ പോലെ നഖങ്ങളോടു കൂടിയവൾ .
- ഇരുട്ടത്ത് കയ്യും വീശി കുതിച്ചു നടന്ന് വരുന്ന രാച്ചിയമ്മയെ കണ്ടല്ല കേട്ടേ അറിയാൻ പറ്റൂ.
- സ്ത്രീ മനസ്സിന്റെ ബാഹുല്യവും ആന്തരിക ചേഷ്ടാവിലാസങ്ങളും വികാരവിചാരങ്ങളും ഇതിൽ നിറഞ്ഞ് നിൽക്കുന്നു.
- മൂന്ന് പ്രവിശ്യകളുടെ (കർണാടകം, തമിഴ്നാട്, കേരളം) സന്തതിയായിട്ടാണ് ഉറൂബ് രാച്ചിയമ്മയെ വിവരിക്കുന്നത്.
- സ്നേഹം എന്നത് മനസ്സിന്റെ മാത്രമല്ല ശരീരത്തിന്റെയും ലയനമാണെന്ന് തിരിച്ചറിയുമ്പോഴാണ് രാച്ചിയമ്മ കാമുകനുമായി വേഴ്ചയിൽ ഏർപ്പെടുന്നത്.
- സ്ത്രീയുടെ നൈസർഗിക ഭാവമായ മാതൃത്വം ഇതിൽ ഉറൂബ് മനോഹരമായി അവതരിപ്പിച്ചു.
- ലൈംഗിക ബന്ധത്തെ കുറിച്ച് സാമ്പ്രദായിക സദാചാരബോധത്തെ പറ്റിയുള്ള ചിന്തകൾ ഇവിടെ നിഷ്പ്രഭമാകുന്നു.
- ഉറൂബിന്റെ കഥകളോരോന്നും നമ്മുടെ ജീവിതമെന്ന മഹാനാടകത്തിലെ അജ്ഞാതമായ വഴിയിടങ്ങളെ കാണിച്ചുതരികയാണ്.

- ഉറൂബിന്റെ രാച്ചിയമ്മ എന്ന കഥയെ ആസ്പദമാക്കി വേണു സംവിധാനം ചെയ്ത ചലചിത്രമാണ് രാച്ചിയമ്മ.
- ചിത്രത്തിൽ പാർവതിയാണ് രാച്ചിയമ്മയായി എത്തുന്നത്.
- സ്ത്രീ ശാക്തീകരണം കേട്ട് കേൾവി പോലും ഇല്ലാത്ത കാലത്താണ് ഉറൂബ് സ്വതന്ത്രയായ രാച്ചിയമ്മയെ അവതരിപ്പിച്ചത്.
- സ്ത്രീയെന്ന സത്യത്തെയാണ് ഉറൂബ് ആവിഷ്ക്കരിച്ചത്.
- പുരുഷൻ തന്നിലെ സ്ത്രീയെ അറിയുമ്പോൾ മാത്രമേ സ്ത്രീക്ക് സമൂഹത്തിൽ തുല്യ നീതി ലഭിക്കൂ എന്ന് ഉറൂബ് നമ്മെ ഓർമ്മിപ്പിക്കുന്നു.


സഹായകഗ്രന്ഥങ്ങൾ

1. രാച്ചിയമ്മ - ഉറൂബ്
2. രാച്ചിയമ്മ സിനിമ പഠനം – വേണു
3. ഗൂഗിൾ പേജ്.

# 10.ഒട്ടു ചെടി

# സിവി ശ്രീരാമൻ

- സിലോണിൽ കുട്ടിക്കാലം ചിലവഴിച്ച ചെറുകഥാകൃത്ത് അഭിഭാഷകനും രാഷ്ട്രീയ പ്രവർത്തകനും ആയിരുന്നു.
- ആൻഡമാൻ ദ്വീപിലെ പുനരധിവാസ ക്യാമ്പ് ഉദ്യോഗസ്ഥനായി ജോലി ചെയ്തിട്ടുണ്ട്.
- അദ്ദേഹത്തിൻറ കഥകളിൽ അങ്ങനെയാണ് ദ്വീപ് അനുഭവങ്ങൾ വന്നത്.
- ഒട്ടു ചെടി എന്ന കഥയിൽ അഭയാർത്ഥി ജീവിതത്തിൻറ ദുരന്തമുഖങ്ങളും അതിജീവനത്തിൻറ വ്യത്യസ്ത പാതകളും ഉണ്ട്.
- പശ്ചിമ ബംഗാളിലെ കുടിയേർപ്പുകാരിൽ നിന്ന് ആളുകളെ തിരഞ്ഞെടുത്ത് ഭൂമി അവർക്ക് ഭാഗിച്ച് കൊടുക്കും.
- അവരെ കുടുംബമാക്കി ജീവിതം നൽകുകയും ചെയ്യും.
- ഇഛാമതി നദിക്കപ്പുറമാണ് ക്യാമ്പ് ഉള്ളത്.
- കഥയുടെ തുടക്കം 22 വർഷത്തിനപ്പുറത്തെ ഓർമ്മ പുനർജ്ജനിച്ചു കൊണ്ടാണ്.
- ദാസ്ഗുപ്ത ബാബു ക്യാമ്പിലെ ഓഫീസറാണ്. വിവാഹത്തേക്കാൾ പ്രാധാന്യം




ഫിലോസഫിക്ക് നൽകിയ ആൾ.

- ഇയാളുടെ കൂടെയാണ് കഥാകൃത്ത് ഉള്ളത്.
- ഇവരുടെ മുന്നിലേക്കാണ് ഭർത്താവ് നഷ്ടപ്പെട്ട മൈഥിലി പരമാണിക്ക്, ഭാര്യ മരിച്ച ബിശ്വേശർഗരാമി ഇവർ എത്തുന്നത്.
- ഇരുവരും വ്യത്യസ്ത ഗോത്രക്കാരും രൂപസാദൃശ്യം തീരെ ഇല്ലാത്തവരും ആണ്.
- ഇവരെ ഒരു കുടുംബമാക്കുന്നത് സാഹസികമായതിനാൽ ദാസ്ഗുപ്ത ബാബു അവരെ മാറ്റി നിർത്തി.

- എന്നാൽ കഥാകൃത്ത് (മദ്രാസി ബാബു ) അവരുടെ അവസ്ഥ മനസ്സിലാക്കി സ്വന്തം താൽപര്യത്തിൽ ഒരു കുടുംബമാക്കി മാറ്റി.
- ഒട്ടു ചെടി പോലെ അവരെ ചേർത്തു വച്ചു.
- മറ്റുള്ളവരുടെ ധാരണ എല്ലാം തിരുത്തിക്കൊണ്ട് അവർ സ്നേഹത്തോടെ ജീവിച്ചു.ഇത് കണ്ട് മദ്രാസി ബാബുവിന് വലിയ സന്തോഷമായി. അവർക്ക് വസ്ത്രങ്ങൾ വാങ്ങിക്കൊടുക്കുകയും ചെയ്തു.
- പിന്നീട് നാട്ടിൽ നിന്ന് 22 വർഷത്തിന് ശേഷമാണ് എഴുത്തുകാരൻ ബേട്ടാ പുരത്തേക്ക് വരുന്നത്.
- ബസ്സിൽ ഇരുന്ന് മനസ്സ് യാത്ര ചെയ്തു. മനസ്സും ബസ്സും ഒരേ സമയം പഞ്ചവടി എന്ന സ്ഥലത്ത് നിന്നു.
- അയാൾ യാന്ത്രികമായി അവിടെ ഇറങ്ങി.
- നൻമയും സ്നേഹവും നിറഞ്ഞ ആ ഗ്രാമം വളരെ പുരോഗമിച്ചിട്ടുണ്ട്.
- ഇറങ്ങിയപ്പോൾ ധാരാളം സംശയങ്ങൾ ഉണ്ടായി.
- അവിടെ ഉള്ളവർ തന്നെ തിരിച്ചറിയുമോ എന്നൊക്കെ സംശയിച്ചാണ് ഇറങ്ങിയത്.
- സംശയിച്ചു നടന്നപ്പോഴേക്കും കുറച്ചുപേർ നടന്ന് വരുന്നത് കണ്ടു.
- ഗരാമി ബാബയും കൂട്ടുകാരും ആയിരുന്നു അത് .
- മദ്രാസി ബാബുവിനെ കണ്ടപ്പോൾ തന്നെ അവർക്ക് മനസ്സിലായി.
- വീട്ടിലേക്ക് കൂട്ടിക്കൊണ്ട് പോകുകയും സൽക്കരിക്കുകയും ചെയ്തു.
- മൈഥിലി പരമാണിക് ഇന്ന് മൈഥിലി ഗരാമിയാണ്. ആരോഗ്യവും സന്തോഷവും അവരിൽ പ്രകടവുമാണ്.
- മുൻ ഭർത്താവ് വന്ന് വിളിച്ചപ്പോഴും തന്നെ ദുരിത സമയത്ത് രക്ഷിച്ച മദ്രാസി ബാബുവിനോടുള്ള നന്ദിയിൽ കൂടെ പോയില്ല.
- കഥാകൃത്തിന് അത് കണ്ടപ്പോൾ സന്തോഷം തോന്നി.
- മറ്റുള്ളവരെല്ലാം ചേരില്ലെന്ന് പറഞ്ഞ് മാറ്റിയ ഇവരെ ഒട്ടുചെടി പോലെ വളർത്തിയതിൽ പങ്ക് ചേരാൻ കഴിഞ്ഞതിൽ അഭിമാനിക്കുകയും ചെയ്തു.

സഹായകഗ്രന്ഥം :

1. ഒട്ടു ചെടി – കഥ - സി വി ശ്രീരാമൻ
2. മലയാളത്തിന്റെ സുവർണ കഥകൾ - സി വി .ശ്രീരാമൻ
3. ഗൂഗിൾ പേജ്.

# 11.ഡബിൾ ആക്ട്

## കെ സരസ്വതി അമ്മ

- പത്മനാഭൻ പിള്ള കാർത്യായനിയമ്മ ഇവരായിരുന്നു മാതാപിതാക്കൾ
- 1919 ഏപ്രിൽ 4 ന് ജനനം. 1975 ഡിസംബർ 26 ന് മരണം.
- പെണ്ണെഴുത്തിനും ആണെഴുത്തിനും എന്ന വേർതിരിവിന് മുമ്പേ സ്വത്വബോധം തെളിഞ്ഞ 80 കഥകൾ എഴുതി.
- സീതാഭവനം എന്ന ആദ്യകഥ 1938 - ൽ മാതൃഭൂമിയിൽ വന്നു.
- ഡബിൾ ആക്ട് എന്ന കഥയിലെ പ്രധാന കഥാപാത്രങ്ങൾ : സീത, സുധീരൻനായർ , വാസന്തിനായർ , മിസ്സിസ് മേനോൻ , സൗദാമിനി, സൈനബ.
- ക്യാംപസിലെ കപട സദാചാര ചിന്തയാൽ വേട്ടയാടപ്പെട്ട കഥാപാത്രമാണ് സീത.
- വാസന്തി നായരെ പോലുള്ള അധ്യാപികമാർ അവരുടെ കാഴ്ചപാടുകൾക്കനുസരിച്ച് വിദ്യാർത്ഥികളുടെ പ്രവൃത്തികളെ വ്യാഖ്യാനിക്കും.
- വിദ്യാർത്ഥികൾ അതിലൂടെ അനുഭവിക്കുന്ന സംഘർഷങ്ങൾക്കുള്ള ഉദാഹരണം ഇതിൽ ഉണ്ട്.
- വിവാഹിതയായ മേരി എന്ന വിദ്യാർത്ഥി വഴിയാണ് കനകമ്മ പുസ്തകം നമ്പൂതിരിക്ക് നൽകുന്നത്.



- ആൺകുട്ടികളോട് മിണ്ടിയാൽ വാസന്തി നായർ പല പ്രശ്നവും ഉണ്ടാക്കും.
- മേരി വിവാഹിതയായതിനാൽ പ്രശ്നമില്ല.
- സീതയുടെ കൂട്ടുകാരിയായ സൗദാമിനി പറയാറുണ്ട് ആൺ സാറമ്മാരാണ് പെൺ സാറമ്മാരെക്കാൾ ഭേദം എന്ന് .
- സീതയും സുധീരൻനായരും തമ്മിലുള്ള ബന്ധത്തെ വാസന്തി നായർ വ്യാഖ്യാനിച്ചതിൽ തിരുത്ത് ഉണ്ടാക്കാമെന്ന് സൗദാമിനി പറയും.

- ആളുകളുടെ നല്ല വാക്ക് കിട്ടാൻ വേണ്ടി പാട് പെടാൻ തനിക്ക് കഴിയില്ലെന്ന് സീത പറയുന്നുണ്ട്.
- അപഖ്യാതി ഉണ്ടായ സാഹചര്യത്തിൽ സീത മനസ്സിനെ ഒന്ന് വിശകലനം ചെയ്തു.
- പ്രേമിക്കാൻ കഴിയാത്ത സൃഷ്ടിയാണ് താനെന്ന് അവൾ പറയുന്നു.
- തനിക്ക് സുധീരൻ നായരോടുള്ള വികാരത്തിൽ മുക്കാൽ ഭാഗം വാത്സല്യവും ബാക്കി സൗഹൃദവുമാണെന്ന് തിരിച്ചറിഞ്ഞു.
- മുരുകേശനെ കളിയാക്കുന്ന സീതയെ പിന്തിരിപ്പിക്കാൻ സൗദാമിനി ശ്രമിക്കുന്നു.
- ആൺകുട്ടികളെ നോക്കുന്നത് വാസന്തി നായർകണ്ട് വന്നാൽ പ്രശ്നമാകുമെന്ന് പറഞ്ഞു.
- മിസിസ് മേനോനെ കാണാനായി അധ്യാപികമാർ ഇരിക്കുന്നിടത്തേക്ക് വന്ന സീതയോട് വാസന്തി നായർ പറയുകയാണ്. നിന്നെ കുറിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ടെന്നും രണ്ടാഴ്ച സമയം അത് തിരുത്താൻ തരാമെന്നും പറഞ്ഞു.
- കോളേജിലെ സ്റ്റാഫിനേയും കുട്ടികളേയും ചേർത്ത് മോശമായി സംസാരിച്ചു എന്നതാണ് സീതക്കെതിരെയുള്ള പരാതി.
- സീത കരഞ്ഞ് കാലുപിടിക്കുമെന്നാണ് വാസന്തി നായർ കരുതിയത്.
- എന്നാൽ തെറ്റ് ചെയ്തെന്ന് ഉറപ്പായാൽ ഉടൻ തന്നെ ശിക്ഷിക്കണം എന്നാണ് സീത മറുപടി കൊടുത്തത്.
- അധ്യാപികമാർക്ക് അതത്ര സുഖിച്ചില്ല. ശേഷം ക്ലാസ്സിലെത്തിയ മിസിസ് മേനോൻ സീതയെ അവഹേളിച്ച് പെരുമാറി.
- ഇവിടെയൊക്കെ സ്ത്രീയുടെ ശത്രു സ്ത്രീ തന്നെ എന്ന് എഴുത്തുകാരി കാണിച്ചു തരുന്നു.
- പരാതിയെ പറ്റി സീത അന്വേഷിച്ചു. അപ്പോൾ സുധീരൻനായർ വാസന്തി നായരുടെ അടുത്തെത്തി നല്ല വാക്ക് പറഞ്ഞ് അവരെ തെറ്റിദ്ധരിപ്പിച്ചതാണെന്ന് മനസ്സിലായി.
- സൗദാമിനിയിലൂടെ ആ സത്യം സീത അറിഞ്ഞ നിമിഷം താൻ നിൽക്കുന്നിടത്തെ മണ്ണ് നീങ്ങി പോകുന്നതായി തോന്നി.
- അന്ന് വൈകിട്ട് ലൈബ്രറിയിൽ വച്ച് സുധീരൻനായർ അടുത്ത് വന്നപ്പോൾ മന:പൂർവം സീത ഒഴിഞ്ഞുമാറി.
- സുധീരൻനായർ കുറച്ച് ദിവസം നാട്ടിലായിരുന്നെന്നും വാസന്തി നായരെ കണ്ടിട്ടില്ലെന്നും പറഞ്ഞു.
- അങ്ങനെ സുധീരൻനായരുടെ രണ്ട് മുഖമുള്ള സ്വഭാവം അവൾ മനസ്സിലാക്കി.
- സ്വന്തം സത് പേര് നിലനിർത്താൻ ആരുടെ മുന്നിലും ഏത് തരത്തിലും അഭിനയിക്കാൻ കഴിയുന്ന അയാളെ സീത മൃഗവും ഇഴജന്തുവുമായി ഉപമിച്ചു.
- സുധീരൻനായർ എന്ന പേരിന് പകരം മഹാ ഭീരു എന്ന പേരാണ് ചേരുക എന്നും പറഞ്ഞു. അവർ പിരിഞ്ഞു
- ഉദ്യോഗത്തിരക്കിൽ പെട്ട് ആരുമായും ബന്ധമില്ലാതെ കഴിഞ്ഞ സീത തിയേറ്ററിൽ വച്ച് സൗദാമിനിയെ കണ്ടു.
- സുധീരൻനായരുടെ വിവാഹം കഴിഞ്ഞെന്നും സീതയുടെ നിരാശയിൽ സങ്കടമുണ്ടെന്നും അയാൾ പറഞ്ഞത് അറിയിച്ചു.

- ഭാര്യയുടെ മുന്നിൽ നല്ല ആളാകാൻ തന്നെ കരുവാക്കുകയാണെന്ന് സീതക്ക് മനസ്സിലായി.
- ഇങ്ങനെ പ്രേമനൈരാശ്യം വഞ്ചന എല്ലാം നേരിട്ട സ്ത്രീ തുടർന്നും ധൈര്യത്തോടെ സ്വന്തം കാലിൽ ജീവിച്ച് സ്വത്വബോധം നേടണം.
- സീത പറയുന്ന ഒരു വാചകം ഉണ്ട് തനിക്ക് ഇഷ്ടമുള്ളവരെയൊക്കെ കല്യാണം കഴിക്കാനൊക്കില്ലല്ലോ എന്ന് .
- എത്രയോ പ്രശസ്ത എഴുത്തുകാരെ എനിക്ക് ഇഷ്ടമാണ്. അവരെയൊക്കെ വിവാഹം കഴിക്കാറില്ല.
- വിവാഹം കഴിക്കണമെങ്കിൽ അത് പരസ്പരം മതിപ്പുള്ളവർ തമ്മിലാകണം. ഇതാണ് സീതയുടെ കാഴ്ചപാട്.
- ലോകത്തിലെ കാഴ്ചകൾ കാട്ടിതരാൻ വേണ്ടി ഒരാളെ നാം സ്വന്തമാക്കിയാൽ തന്റെ ആദർശങ്ങൾ വിവാഹ പിഠത്തിൽ ബലികഴിച്ച പോലെയാകും.
- രത്നത്തെ ചിലർക്ക് ദൂരെ നിന്ന് ആസ്വദിക്കാനേ കഴിയൂ. എത്ര നല്ല രുചിയുള്ള ഭക്ഷണമായാലും കഴിക്കാൻ തോന്നാതെ അത് ആസ്വദിക്കാൻ പറ്റില്ല.

സഹായകഗ്രന്ഥങ്ങൾ :

1. ഡബിൾ ആക്ട് - കെ സരസ്വതിയമ്മ
2. ഗൂഗിൾ വിക്കിപീഡിക .

# 12. ഉള്ളുരുക്കം


# എൻ പി മുഹമ്മദ്

- ജനനം 1920 ജൂലൈ 1, മരണം 2003 ജനുവരി 2.
- കഥാകൃത്ത് പത്രപ്രവർത്തകൻ നോവലിസ്റ്റ് എന്നീ മേഖലകളിൽ പ്രശസ്തനായ സാഹിത്യകാരൻ .
- കോഴിക്കോട് കുണ്ടുങ്ങലിൽ എൻ പി അബ്ദുവിന്റെ മകനായി ജനിച്ചു.
- കഥകൾ നിരൂപണം നോവൽ ബാലസാഹിത്യം വിവർത്തനം തുടങ്ങി ധാരാളം രചനകൾ നിർവഹിച്ചു.
- പുരാണ കഥാപാത്രങ്ങളെ ആധുനിക സാഹചര്യത്തിൽ വിലയിരുത്തിയ ഹിരണ്യകശിപു എന്ന കൃതി ശ്രദ്ധേയമാണ്.
- ജനിച്ചു വളർന്ന ദേശത്തിന്റെയും സമൂഹത്തിന്റെയും പ്രത്യേകതകളെ തന്റെ അക്ഷരങ്ങളിലൂടെ എൻപി മുഹമ്മദ് വായനക്കാരിലെത്തിച്ചു.
- ആദ്യകൃതിയായ തൊപ്പിയും തട്ടവും വിമർശന സാഹിത്യ സാഹിത്യ ഗ്രന്ഥമായിരുന്നു.



- മുസ്ലിം സമുദായത്തിന്റെ ജീവിത ചിത്രം പൂർണതയോടെ അവതരിപ്പിച്ച എഴുത്തുകാരൻ .




- എം ടിയും എൻ പിയും ഒരുമിച്ച് എഴുതിയ നോവൽ ആണ് അറബിപ്പൊന്ന്.

**കഥയിലൂടെ** .....

- മുസ്ലിം സമുദായത്തിലെ ഗാർഹിക ജീവിതം .
- നർമ്മം കലർത്തിയുള്ള അവതരണം.
- രോഗം ആർക്കും എപ്പോഴും വരാവുന്ന ഒന്നാണ്.
- കുട്ടിമോൻ എന്ന കൊച്ചു കുട്ടിയുടെ വീക്ഷണകോണിലൂടെയുള്ള കഥ.
- ഉമ്മ ഉപ്പ സഹോദരി മൂത്താപ്പ അമ്മായി ഇവർ അടങ്ങുന്നതാണ് കുട്ടിമോൻറ കുടുംബം .
- പെരുന്നാളിന് മാത്രം വീട്ടിൽ വരുന്ന ഉപ്പ.
- കോഴിക്കോട് കടമാണ് ഉപ്പക്ക് .
- മൂത്താപ്പ അമ്മായി ഇവർ വിട്ടുള്ള ഒരു കൂരയിലാണ് താമസം.
- കാരണമെന്തെന്ന് കുട്ടികൾക്ക് അറിയില്ല.
- അങ്ങോട്ട് കുട്ടികൾ പോകുന്നത് ഉമ്മ വിലക്കി.
- അംബി പയ്യിനെ ഉണ്ടാക്കുന്നതിനായി കുട്ടിമോൻ അമ്മായിയെ സമീപിച്ചു.
- സഹോദരി പാത്തുവാണ് അത് പതിവായി ഉണ്ടാക്കി കൊടുക്കാറ്.
- അവളെ കാണാത്തതിനാലാണ് അമ്മായിക്കരികിൽ എത്തിയത്.
- വിവരമറിഞ്ഞെത്തിയ ഉമ്മ അവനെ പിടിച്ച് വലിച്ച് കൊണ്ടുപോയി.
- ഉണ്ടാക്കിയ പയ്യിനെ നശിപ്പിച്ചെറിയുകയും ചെയ്തു.
- അന്ന് രാത്രി പാത്തു ഒരു സ്വപ്നം കണ്ടു.
- ആകാശത്ത് നിന്ന് ഒരാൾ തന്നെ നോക്കുന്നു.
- കുറച്ച് സമയം കഴിഞ്ഞപ്പോൾ അയാളുടെ ഓരോ അവയവങ്ങൾ മുറിഞ്ഞ് താഴേക്ക് വീഴുന്നു.
- തല മാത്രമായി ഇപ്പോൾ . മൂക്ക് ചുണ്ട് എല്ലാം വീണ് അവസാനം കണ്ണ് മാത്രമായി.
- ആ വെള്ളാരം കണ്ണ് മൂത്താപിയുടെതാണെന്ന് പാത്തു മനസ്സിലാക്കി.

- ഭയന്ന് കരയാൻ തുടങ്ങി. ഉമ്മ മക്കളെ കെട്ടിപ്പിടിച്ച് ആശ്വസിപ്പിച്ചു.
- ഈ സൂക്കേട് ആർക്കും കൊടുക്കല്ലേ റബ്ബേ എന്ന് ഉമ്മ പ്രാർത്ഥിച്ചു.
- ഇതിലൂടെയാണ് കുഷ്ടം എന്ന രോഗസൂചന കഥാകാരൻ നൽകുന്നത്. മറ്റെവിടേയും രോഗം എന്തെന്ന് തുറന്ന് പറയുന്നില്ല.
- പിറ്റേദിവസം ഉപ്പ എത്തി മൂത്താപ്പയെ ആശുപത്രിയിലേക്ക് കൊണ്ട് പോയി.
- അപ്പോഴും സംഭവിക്കുന്നത് എന്താണെന്ന് അറിയാതെ കുട്ടിമോൻ നിൽക്കുകയാണ്.
- ഉമ്മക്ക് സ്നേഹം ഇല്ലാത്തിട്ടല്ല മക്കളെ അവരിൽ നിന്നും അകറ്റുന്നത്. രോഗ ഭയം കൊണ്ടാണ് എന്ന് വ്യക്തം.
- ഉപ്പ അന്ന് വന്നപ്പോൾ എല്ലാ തവണയും തന്നെ എടുക്കുകയും സ്നേഹത്തോടെ വിശേഷങ്ങൾ തിരക്കുകയും ചെയ്യും.
- ഇത്തവണ ഒന്നും ഉണ്ടായില്ല. അതിൽ കുട്ടിമോൻ വിഷമിച്ചു.
- പാത്തു വിവാഹിതയാണ് എന്ന ഒരു സൂചന കഥാകാരൻ നൽകുന്നുണ്ട്.
- ഇങ്ങനെ ആശയത്തെ തുറന്നെഴുതാതെ കുഷ്ഠം എന്ന രോഗത്തെ അതിലെ ഭയാനകതയെ കഥാകൃത്ത് വായനക്കാരന് ഹൃദ്യമായ രീതിയിൽ അവതരിപ്പിച്ചിരിക്കുകയാണ് ഇവിടെ.

സഹായകഗ്രന്ഥങ്ങൾ :

1. ഉള്ളുരുക്കം - എൻപി മുഹമ്മദ്
2. ഗൂഗിൾ പേജ്

# 13.ഘരേ ബായിരേ

# ഗീത ഹിരണ്യൻ

- ദീർഘപാംഗൻ എന്ന കഥയിലൂടെ മലയാള സാഹിത്യ ലോകത്തേക്ക് എത്തിയ കഥാകൃത്ത്.
- ഒറ്റസ്നാപ്പിൽ ഒതുക്കാനാവില്ല ഒരു ജൻമ സത്യം , ഇനിയും വീടാത്ത ഹൃദയത്തിന്റെ കടം , അസംഘടിത ,സുഖം എന്ന കവിത, ശില്പകഥയെഴുതുകയാണ് തുടങ്ങിയ രചനകൾ ഗീതാ ഹിരണ്യന്റെതാണ് .
- ജി ശങ്കരക്കുറുപ്പ് ജൻമ ശതാബ്ദി കവിതാ പുരസ്ക്കാരം, ടി.പി കിശോർ അവാർഡ്, കുഞ്ചുപിള്ള സ്മാരക അവാർഡ് എന്നിവ ലഭിച്ചു.
- 1958 മാർച്ച് 20ന് കൊട്ടാരക്കരയിൽ ജനനം.അർബുദത്തെ തുടർന്ന് 2002 ജനുവരി 2 ന് മരണം.



- ജീവിച്ചിരുന്നാൽ ഇനിയും എഴുതും അതുകൊണ്ട് പോകുന്നു.
- എന്നെഴുതി ഇരുട്ടിന്റെ കയത്തിലേക്ക് സ്വയം യാത്രയായ കഥാകാരിയാണ് ഇവർ.

- കോളേജ് അധ്യാപികയായ എഴുത്തുകാരിയുടെ ജീവിതം ഇങ്ങനെ എങ്കിൽ സാധാരണ സ്ത്രീകൾ എങ്ങനെയായിരിക്കും എന്ന് ഇവരുടെ കഥകൾ ഓർമ്മിപ്പിക്കുന്നു.
- കാര്യം നേരെ പറയുന്ന രീതിയാണ് ഇവർക്ക് . സാധാരണ ആശയങ്ങൾ അസാധാരണമായി പറയുന്ന രീതി.
- സ്ത്രീക്ക് അവളുടെ എഴുത്ത് ഉൾപ്പെടെ ഏത് ആവിഷ്ക്കാരവും നടത്താൻ സ്വാതന്ത്ര്യം വേണം.
- അതിലൂടെ ആൺ പെൺ ബന്ധങ്ങളെ നവീകരിക്കാനും കഴിയണം.
- പുരുഷനോട്ടത്തിലൂടെയല്ലാതെ പെൺനോട്ടത്തിലൂടെ വേണം എല്ലാം നോക്കി കാണാൻ .
- ശരീരങ്ങൾ ബന്ധപ്പെടുന്നതോടെ സ്നേഹത്തിന്റെ സൂര്യൻ അസ്തമിച്ചു എന്ന് ഗീത ഹിരണ്യൻ എഴുതുമ്പോൾ വ്യവസ്ഥാപിതമായ സാമൂഹിക ബന്ധങ്ങളുടെ സ്നേഹ




ശൂന്യത ഓർമ്മപ്പെടുത്തുന്നുണ്ട്.
ഘരേ ബായിരേ എന്ന സിനിമയുടെ രംഗം

സഹായകഗ്രന്ഥങ്ങൾ :

1. ഘരേ ബായിരേ കഥ - ഗീത ഹിരണ്യൻ
2. ഘരേ ബായിരേ സിനിമ – ബംഗാളി
3. ഗൂഗിൾ വിക്കിപീഡിക

# 14.തന്തത്താഴ്

# പ്രമോദ് രാമൻ

- കഥാകൃത്ത്, മാധ്യമ പ്രവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധനാണ് പ്രമോദ് രാമൻ.
- രതിമാതാവിന്റെ പുത്രൻ , ദൃഷ്ടിചാവേർ എന്നീ കൃതികൾ പ്രമോദ് രാമൻ എഴുതിയിട്ടുണ്ട്.
- ഇരകളായി തീരാൻ വിധിക്കപ്പെടുന്ന പെൺ ജൻമങ്ങളുടെ സമകാലീന ഭയങ്ങളെ ഇതിൽ വിവരിക്കുന്നു.



- പ്രത്യക്ഷത്തിൽ കാണുന്ന ജീവിതം മിഥ്യയാണ് അതിനുള്ളിലെ യാഥാർത്ഥ്യം കാട്ടിത്തരുന്ന എഴുത്താണ് പ്രമോദ് രാമന്റെ രചനകൾ.

പാഠഭാഗത്തിലൂടെ :-

- ഈ കഥയിൽ സന്ധ്യയെ ഭയക്കുന്ന സാക്ഷി എന്ന പെൺകുട്ടിയുടെ ജീവിതമാണ് ഉള്ളത്.
- ഇരുട്ട് കരിമ്പടം പുതച്ച് വരുന്ന വഞ്ചനയുടെ മുഖമുള്ള മനുഷ്യനാണെന്നാണ് സാക്ഷി കരുതുന്നത്.
- ആ ഇരുട്ട് വള്ളിച്ചെടി പോലെ അവളുടെ ദേഹത്ത് പടരുന്നതായും അവൾ ഭയന്നു.
- വീടിന്റെ മുൻവാതിൽ അടച്ചാൽ എല്ലാം ഭദ്രമായി എന്ന തോന്നൽ അമ്മ സാക്ഷിയെ പഠിപ്പിച്ചു.
- സാക്ഷിയെ നല്ല നിലയിൽ വിവാഹം കഴിപ്പിച്ചയക്കാനും ശരണിന്റെവിദ്യഭ്യാസത്തിനും വേണ്ടി അച്ഛന്റെ നിർബന്ധത്തിന് വഴങ്ങിയാണ് അമ്മ വിദേശത്ത് ജോലിക്ക് പോയത്.
- അമ്മ എഴുതുന്ന കത്തിൽ അമ്മയുടെ ഭയചിന്തകൾ പ്രകടമാണ്.
- കാറ്റ് വരാനായി തുറന്നാലും ജനലുകൾ നേരത്തേ കുറ്റിയിടാനും പണി ആയുധങ്ങൾ അലക്ഷ്യമായി മുറ്റത്ത് ഇടരുതെന്നും അമ്മ പഠിപ്പിച്ചു.
- സ്കൂൾ വിട്ടാൽ കൃത്യം 6 മണിക്ക് ശരൺ വീട്ടിൽ എത്താറുണ്ട്. എന്നാൽ 8 മണി ആയിട്ടും അവനെ കാണാനില്ല.

- റേഷൻ കടയിൽ കയറി മണ്ണെണ്ണ വാങ്ങാൻ മാത്രമേ അന്ന് അധികമായി പറഞ്ഞത്.
- കടവങ്ങാട്ടെ സരിഗ ബാറിലെ ജോലി കഴിഞ്ഞ് അച്ഛൻ എത്തുമ്പോൾ 11 മണി കഴിയും.
- തെരുവ് വിളക്ക് കൂടാതെ കെട്ടിടം പണി നടക്കുന്നതിന്റെ വെളിച്ചം ഉണ്ട് .
- ബീഹാറികളും ആന്ധ്രക്കാരും അവിടെ പണിക്ക് താമസിക്കുന്നുണ്ട്.
- രാത്രി മദ്യപിച്ച് വഴിയെല്ലാം മാലിന്യ കൂമ്പാരമാക്കിയിട്ടുണ്ട് അതിനാൽ ആ വഴി ചേച്ചി പോകരുതെന്ന് ശരൺ പറയും.
- രാത്രി എട്ടര മുതൽ ഒമ്പത് വരെ ലോഡ് ഷെഡിംഗ് ആണ്.
- കവലയിൽ എത്തി ഓട്ടോ പിടിച്ച് വേഗം പോകാനായി സാക്ഷി നടന്നു.
- കവലയിൽ എത്തിയതും റേഷൻ കട അടച്ചത് കണ്ടു. എല്ലാം ഇരുട്ടിലാവുകയും ചെയ്തു.
- പെട്ടെന്ന് ആരോ തീപ്പെട്ടി ഉരക്കുന്ന ശസ്ദം കേട്ട് സാക്ഷി ഭയന്നു. അവൾ ഞെട്ടിയപ്പോൾ അയാൾ തീപ്പെട്ടി ഉരച്ച് അവളെ അടിമുടി നോക്കി.
- സുന്ദരിയാണല്ലോ എന്ന് പറഞ്ഞ് അയാൾ മൊബൈൽ വെളിച്ചം കൊണ്ടടുത്തപ്പോൾ അവൾ ഓടാനൊരുങ്ങി.
- അയാൾ അവളുടെ കൈ പിടിച്ച് വലിച്ചു. അച്ഛന്റെ അടുത്തെത്തിച്ചാൽ മതി എന്ന് അവൾ പറഞ്ഞു.
- അയാൾ അവളെ അയാളുടെ ഓട്ടോയിൽ കയറ്റി. സരിഗ ബാറിന് മുമ്പിൽ നിർത്തി.
- സാക്ഷിയെ വണ്ടിയിൽ ഇരുത്തി അയാൾ ബാറിനുള്ളിലേക്ക് പോയി തിരിച്ച് വന്നു. വിവരം പറഞ്ഞു.
- ശരണിനെ മേലാഞ്ചിറയിൽ ബന്ധുവീട്ടിലേക്ക് അച്ഛൻ പറഞ്ഞയച്ചതാണ്. സാക്ഷിയെ അറിയിക്കാൻ മറന്നതാണ്.
- സാക്ഷിയെ വീട്ടിലെത്തിക്കാനുള്ള കാശ് തന്നിട്ടുണ്ട് എന്ന് പറഞ്ഞ് അയാൾ ഓട്ടോ ഓടിച്ചു.
- സാക്ഷിയുടെ മനസ്സ് അസ്വസ്ഥമായിരുന്നു. വീട്ടിന്റെ പടിക്കൽ എത്തിയതും പിടി വിട്ട പൂച്ചയെ പോലെ അവൾ അകത്തേക്ക് ഓടി.
- തന്തത്താഴിട്ട് വീട്ടിനെ ഭദ്രമാക്കിയപ്പോൾ ആശ്വാസമായി. ആ താഴ് അമ്മ നൽകുമ്പോൾ അവളോട് പറഞ്ഞിരുന്നു. ഇതിന് ഒരച്ഛന്റെ ബലമുണ്ടെന്ന് .
- അന്ന് അച്ഛൻ നേരത്തേ എത്തി. സാക്ഷി ഒറ്റക്കായതിനാൽ ആണ് അയാൾ നേരത്തേ പോന്നത് എന്നറിയിച്ചു.
- അമ്മ വിളിക്കുന്നപോലെ അന്ന് ആദ്യമായി അയാൾ സാച്ചൂ എന്ന് വിളിച്ചു. അവളെ അടുത്തിരുത്തി ഒരു സ്വർണമായ അവളെ അണിയിച്ചു.
- അമ്മ അയച്ച പണം കൊണ്ട് വീട്ടിയെടുത്ത പണയ മാലയായിരുന്നു അത്.
- സാക്ഷി എന്നും ആഗ്രഹിച്ചതായിരുന്നു അച്ഛന്റെ വാത്സല്യവും സ്പർശനവും. ഇന്നത് കിട്ടിയപ്പോൾ അവൾ സന്തോഷിച്ചു.
- എന്നാൽ അച്ഛന്റെ വിരലുകൾ അവളുടെ ശരീരത്തിൽ യൗവനത്തെ പിച്ചിച്ചീന്തി. അത് വിരലുകളല്ല ചിലന്തിവലയാണെന്ന് അവൾക്ക് തോന്നി.
- വേദനയോടെ അവൾ അച്ഛനെ നോക്കിയപ്പോൾ അയാളുടെ വായിൽ നിന്ന് ഒരു നാവ് മത്സ്യം അവളുടെ ചെവിക്കുഴിയിൽ ഇഴഞ്ഞ് പറഞ്ഞു.

- പേടിക്കണ്ട മുൻവാതിൽ താഴിട്ടിട്ടുണ്ട് എന്ന്. ഇത് സമകാലിക വാർത്തകളിൽ നാം വായിച്ചറിയുന്ന നേർക്കാഴ്ച തന്നെയാണ്.
- മക്കളായ ഇരകളുടെ രോദനമാണ് സാക്ഷിയിലൂടെ നാം കണ്ടത്
- ഈ കഥ വായിക്കുന്നതിനോടൊപ്പം തീർച്ചയായും പ്രമോദ് രാമന്റെ മറ്റ് കൃതികളും വായിക്കണം. ചിലത് താഴെ കൊടുക്കുന്നു.

സഹായ ഗ്രന്ഥങ്ങൾ .

1. തന്തത്താഴ് - പ്രമോദ് രാമൻ
2. ഗൂഗിൾ പേജ്
3. പ്രമോദ് രാമന്റെ മറ്റ് കൃതികൾ .













